എം.സി. അബ്ദുൾ നാസർ
അധ്യാപകൻ, മലയാള വിഭാഗം



# ബാല്യത്തിന്റെ തിരഭൂപടങ്ങൾ

ബാല്യം ഒരു പറുദീസയാണ്. കളങ്കരഹിതവും വൈവിധ്യപൂർണ്ണവും വിചിത്രങ്ങളുമായ അനുഭവങ്ങളുടെയും അനുഭൂതികളുടെയും ഒരു പറുദീസാനഷ്ടതയെ കുറിച്ചുള്ള ബോധമാണ് ബാല്യത്തിലേക്ക് തിരിച്ചെത്താനും അതിനെ തിരിച്ച് പിടിക്കാനും മനുഷ്യനെ പ്രേരിപ്പിക്കുന്നത്. അറിവുകളുടെയും അനുഭവങ്ങളുടെയും മഹാകാശങ്ങളിലേക്കുള്ള ഒരു കിളിവാതിൽ കാഴ്ച ബാല്യത്തിലുള്ളതിനാൽ ഏത് കലയ്ക്കും ഇതൊരു നല്ല അസംസ്കൃത പദാർത്ഥമാണ്. ഈയൊരു സാധ്യത ഉൾകൊണ്ടു കൊണ്ടാണ് ചലച്ചിത്രത്തിന്റെ വിശ്വവിനിമയങ്ങളിലൂടെ ബാല്യം കടന്ന് പോകുന്നത്. ബാല്യത്തിന്റെ രാഷ്ട്രീയവും സാമൂഹികവും ആവിഷ്കാര സാധ്യതകളിലൂടെ ലോക ചലച്ചിത്രോത്സവങ്ങളിൽ ഏറെ ശ്രദ്ധയാകർഷിക്കുന്നവരാണ് ഇറാനിയൻ ചലച്ചിത്രങ്ങൾ.

ബാല്യത്തിന്റെ ആവിഷ്കാര മാധ്യമമായി സ്വീകരിച്ച ഇറാനിയൻ ചലച്ചിത്രരംഗത്തെ പ്രമുഖൻ ഇറാനിലെ 'സ്പിൽ ബർഗ്ഗ്' എന്ന് ന്യൂയോർക്ക് പ്രസ് വിശേഷിപ്പിച്ച മജീദ് മജീദിയാണ്. മജീദിയുടെ 'ചിൽഡ്രൻ ഓഫ് ഹെവൻ' എന്ന ചിത്രം ബാല്യത്തിന്റെ ജീവനസാധ്യതകളിലേക്കാണ് ക്യാമറ തുറക്കുന്നത്. അലി എന്ന പത്തുവയസ്സുകാരൻ ബാലനാണ് ചിത്രത്തിലെ മുഖ്യ കഥാപാത്രം. അലി അനിയത്തിയുടെ ഷൂ തുന്നിക്കുന്നതിനായി കൊണ്ട് പോകുന്നതിനിടെ പച്ചക്കറിക്കടയിലെ തിരക്കിൽ ഷൂ കളഞ്ഞുപോ

കുന്നു. നിത്യ ദാരിദ്ര്യത്തിന്റെ മടുപ്പിക്കുന്ന കുടുംബാന്തരീക്ഷത്തിൽ ഷൂ കളഞ്ഞു പോയ സംഭവം വലിയ കോളിളക്കമുണ്ടാക്കിയേക്കുമെന്ന് ഭയക്കുന്ന അലി തന്റെ ഷൂ പങ്കുവെക്കാൻ അനിയത്തിയെ നിർബന്ധിക്കുന്നു. കുടുംബാന്തരീക്ഷത്തെ കുറിച്ചോർത്തുള്ള ഭയം. സങ്കടപ്പെടുത്തുന്ന അനിയത്തിയെ സമാധാനിപ്പിക്കാനുള്ള വെമ്പൽ എന്നിവയാൽ വീർപ്പുമുട്ടുന്ന അലിയുടെ മുഖഭാവം, അവന്റെ കണ്ണുകളുടെ ക്ലോസപ്പിൽ അലയടിക്കുന്ന സമ്മിശ്ര വികാരങ്ങൾ എന്നിവ ദൃശ്യവിന്യാസത്തിന് മുറുക്കം കൂട്ടുന്നു. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും സ്കൂൾ സമയം വ്യത്യസ്തമായതിനാൽ അലി തന്റെ പഠനസമയം കഴിഞ്ഞാലുടനെ വീട്ടിലേക്കോടി കാത്തിരിക്കുന്ന അനിയത്തിക്ക് തന്റെ ഷൂ കൈമാറുന്നു. അച്ഛന്റെ കോപത്തിൽ നിന്ന് ഏട്ടനെ രക്ഷിക്കുന്നതിനായി പാകമില്ലാത്ത ഷൂവുമണിഞ്ഞ് അനിയത്തിയും സ്കൂളിലേക്കോടി. സ്കൂൾ സമയവുമായി പൊരുത്തപ്പെടാനുള്ള ഈ ഓട്ടം രണ്ടു പേരെയും വല്ലാതെ വലക്കുന്നുണ്ട്. വർഷാന്ത്യത്തിൽ അലിയുടെ സ്കൂളിൽ നടക്കുന്ന ഓട്ടമത്സരമാണ് ചിത്രത്തിന്റെ ക്ലൈമാക്സ്. മത്സരത്തിൽ രണ്ടാം സമ്മാനമായി വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത് ഒരു ജോടി പുതിയ ഷൂവാണ്. അലി പ്രതീക്ഷയോടെയാണ് മത്സരത്തിന് തയ്യാറാവുന്നത്. ജീവിതം മുഴുവൻ നിരന്തരമായി ഓടിയ അനുഭവം അലിയ്ക്ക് മത്സരത്തിന് തുണയായി. പക്ഷേ ഓട്ടത്തിൽ മുന്നിലെത്തിയപ്പോഴും ഫിനിഷിംഗ് ലൈൻ തൊടാതെ പിന്നാലെ വരുന്നവനുവേണ്ടി അലി വേഗത കുറച്ചു. തനിക്ക് രണ്ടാം സമ്മാനത്തിന്റെ ഷൂവാണ് വേണ്ടത്. കളഞ്ഞുപോയ ഒരു ജോടി ഷൂവിനെചൊല്ലിയുള്ള വേവലാതിയും ഉത്കണ്ഠയും എല്ലാ ജീവിത ആഹ്ലാദങ്ങളെയും അപഹരിച്ച ഒരു ഭൂതകാലത്തെ അതിജീവിക്കാൻ അവന് ആ ഷൂ കിട്ടിയേ തീരൂ.

അലിയുടെയും അനിയത്തിയുടെയും വികാരങ്ങൾ മാറി മാറിവരുന്ന കണ്ണുകളാണ് ചിത്രത്തെ ആർദ്രമായ ഒരു കാഴ്ചയനുഭവമാക്കി മാറ്റുന്നത്. ബാല്യം ഒരു ജീവിതസമരത്തിന്റെ രൂപകമായി തീരുമ്പോൾ അതിജീവനത്തിന്റെ തെളിമയുറ്റ പ്രതീക്ഷ ചിത്രം ശേഷിപ്പിക്കുന്നുണ്ട്. മുതിർന്നവരുടെ സംഘർഷങ്ങൾ കുട്ടികളുടെ മനസ്സിന്റെ സ്വാസ്ഥ്യത്തിലേക്ക് കൂടി കടന്നു കയറുന്ന ഈ ദൃശ്യാനുഭവം ബാല്യത്തെ ഒരു കൗതുകക്കാഴ്ചക്കപ്പുറത്തേക്ക് വളർത്തുന്നുണ്ട്. മത്സരത്തിൽ പങ്കെടുത്ത അലിയുടെ ആത്മ സംഘർഷവും അനിയത്തിയുടെ നെഞ്ചിടിപ്പുകളും പ്രേക്ഷകരുടേത് കൂടിയായിത്തീരുന്ന തന്മയീഭാവം 'ചിൽഡ്രൻ ഓഫ് ഹെവൻ' എന്ന പേരിനെ അന്വർത്ഥമാക്കുന്നു.

> ബാല്യം ഒരു ജീവിത സമരത്തിന്റെ രൂപകമായി തീരുമ്പോൾ അതിജീവനത്തിന്റെ തെളിമയുറ്റ പ്രതീക്ഷ ചിത്രം ശേഷിപ്പിക്കുന്നുണ്ട്. മുതിർന്നവരുടെ സംഘർഷങ്ങൾ കുട്ടികളുടെ മനസ്സിന്റെ സ്വാസ്ഥ്യത്തിലേക്ക് കൂടി കടന്നു കയറുന്ന ഈ ദൃശ്യാനുഭവം ബാല്യത്തെ ഒരു കൗതുക കാഴ്ചക്കപ്പുറത്തേക്ക് വളർത്തുന്നുണ്ട്.

മജീദ് മജീദിയുടെ തന്നെ മറ്റൊരു ചിത്രമാണ് കളർ ഓഫ് പാരഡൈസ്' ബാല്യ

ത്തിന്റെ പറുദീസാനുഭവത്തെ തന്റെ ചിത്രങ്ങളുടെ പേരിൽ തന്നെ മജീദ് ധ്വനിപ്പിക്കുന്നുണ്ട്. 'ചിൽഡ്രൻ ഓഫ് ഹെവൻ' കണ്ണുകളിലൂടെയാണ് ബാല്യത്തെ പ്രതീകവത്കരിക്കുന്നതെങ്കിൽ 'കളർ ഓഫ് പാരഡൈസിൽ' അകക്കണ്ണിന്റെ അനന്ത വർണ്ണ സാധ്യതകളാണ് തുറന്ന് വെക്കുന്നത്. അന്ധനായ ഒരു ബാലന്റെ അകക്കാഴ്ചകളിലൂടെയാണ് ചിത്രം പുരോഗമിക്കുന്നത്. പക്ഷികളുടെയും പൂക്കളുടെയും പൂമ്പാറ്റകളുടെയും വർണ്ണശബളവും സംഗീതാത്മകവുമായ ലോകത്തെ തന്റെ ഉള്ളിലേക്ക് സ്വീകരിക്കാൻ വെമ്പുന്ന കുട്ടിയെ പിതാവ് കാർപ്പെന്ററുടെ ആലയിൽ പണി പഠിക്കാനയക്കുകയാണ്. അതിജീവനത്തിന്റെ കഠിനശ്രമങ്ങളിലൂടെ കടന്നുപോകുന്ന ഈ അന്ധബാലന്റെ ജീവിതം വിസ്മയിപ്പിക്കുന്ന സാധ്യതകളിലേക്ക് വളരുന്നുണ്ട്. ലോകത്തിന്റെ അകം/പുറം ക്രമങ്ങൾക്കപ്പുറത്തേക്ക് വളരുന്ന ജീവിതത്തിന്റെ ഔത്സുക്യം ഈ ചിത്രത്തെ ശ്രദ്ധേയമാക്കുന്നു.

ഇറാനിയൻ സിനിമയിലെ ആചാര്യ സ്ഥാനീയരിലൊരാളായ അബ്ബാസ് കിരോസ്താമിയുടെ 'വേർ ഈസ് മൈ ഫ്രന്റ്സ് ഹോം' എന്ന ചിത്രവും ബാല്യത്തിന്റെ സാധ്യതകളെ ഉൾക്കൊണ്ടുകൊണ്ട് നിർമ്മിച്ചതാണ്. ഹോം വർക്ക് ബുക്കിന്റെ പ്രശ്നം പരിഹരിക്കുന്നതിനായി സുഹൃത്തിന്റെ വീടന്വേഷിച്ച് പോകുന്ന ബാലന്റെ കഥയാണിത്. ബാല്യത്തിന്റെ പരിമിതമായ പരിചിത വൃത്തത്തിനപ്പുറത്തേക്ക് നടക്കുന്ന ഈ യാത്ര നൽകുന്ന അനുഭവങ്ങളും അവരുടെ അനുസ്മരണങ്ങളും കുട്ടിയുടെ മനസ്സിനോടൊപ്പം കാഴ്ചക്കാരെയും ഉദ്വേഗഭരിതരാക്കുന്നുണ്ട്. അയത്ന ലളിതമായ അവതരണ ശൈലി അബ്ബാസ് കിരോസ്താമിയുടെ മറ്റ് ചിത്രങ്ങളിലെന്നപോലെ ഈ ചിത്രങ്ങളിലും കാണാം.

അബ്ബാസ് കിരോസ്താമിയുടെ സഹസംവിധായകനായി ചലച്ചിത്ര രംഗത്തേക്ക് കടന്നുവന്ന ജാഫർ പനാഹിയുടെ 'ദ വൈറ്റ് ബലൂൺ' എന്ന ചിത്രം



ബാല്യത്തിന്റെ കൗതൂഹലങ്ങൾ നിറഞ്ഞ മനസ്സിന്റെ സുന്ദരവും ഒഴുക്കുള്ളതുമായ ആവിഷ്കാരമാണ്. ബാല്യത്തിന്റെ നിഷ്കളങ്കതയുള്ള എട്ടുവയസ്സുകാരി റസിയ്യയാണ് ഈ ചിത്രത്തിലെ പ്രധാനകഥാപാത്രം. കൗതുകവും നിഷ്കളങ്കതയും അലയടിക്കുന്ന കണ്ണുകൾ ജാഫർ പനാഹിയുടെയും ഇഷ്ടപ്പെട്ട ദൃശ്യപ്രതീകമാണ്. തെരുവിലെ അക്വാറിയം കടയിൽ താൻ കണ്ട സ്വർണ്ണ മത്സ്യത്തെ നവവത്സര സമ്മാനമായി വാങ്ങാനാണ് റസിയ ആഗ്രഹിക്കുന്നത്. സമ്മാനത്തിനായി കിട്ടിയ പണവുമായി തെരുവിലൂടെ നീങ്ങുന്ന റസിയ തെരുവിൽ മായാജാല പ്രകടനം നടത്തുന്ന പാമ്പാട്ടിയുടെ അടുത്ത് എല്ലാം മറന്ന് നിന്ന് പോവുന്ന രംഗം കൗതുകങ്ങളിൽ നിന്ന് കൗതുകങ്ങളിലേക്ക് നീളുന്ന ബാലമനസ്സിന്റെ ആവിഷ്കാരമാവുന്നു. പാമ്പാട്ടിയുടെ പ്രകടനങ്ങളിൽ ആകൃഷ്ടയായ ബാലിക തന്റെ കൈയിലുള്ള പണം പാമ്പാട്ടിക്ക് നൽകി. ഒരു ചെറിയ പെൺകുട്ടിയുടെ വികാരഭരിതമായ മുഖത്തിന്റെ സമസ്ത സാധ്യതകളും ഈ രംഗത്ത് സംവിധയകൻ ഉപയോഗപ്പെടുത്തുന്നുണ്ട്. സ്വർണ്ണ മത്സ്യവും പാമ്പാട്ടിയും അവളുടെ മനസ്സിൽ സൃഷ്ടിക്കുന്ന വടംവലികൾ ആ മുഖത്ത് മാറി മറിയുകയാണ്. അവളുടെ ദൈന്യം കാണുന്ന പാമ്പാട്ടി ആ പണം അവൾക്ക് തന്നെ തിരിച്ച് നൽകുന്നു.

സ്വർണ്ണ മത്സ്യത്തെ വാങ്ങാൻ കടയുടെ മുന്നിലെത്തിയ ശേഷം റസിയ്യയുടെ കൈയ്യിലുള്ള നോട്ട് ഓവുചാലിലേക്ക് വീണ് പോവുന്നുണ്ട്. മുകളിൽ നിന്ന് നോക്കിയാൽ നോട്ട് കാണാം. സഹോദരനായ അലിയുടെ സഹായത്തോടെ നോട്ട് വീണ്ടെടുക്കാനായി അവൾ നടത്തുന്ന ശ്രമങ്ങൾ ഉദ്വേഗജനകമായ ഒരു നീണ്ട ദൃശ്യമാണ്. ഉത്കണ്ഠയും പ്രതീക്ഷയും മാറിമറിയുന്ന റസിയ്യയുടെ കണ്ണുകൾ ചിത്രത്തിന് ദൃശ്യചാരുത നൽകുന്നു. തെരുവിൽ ബലൂൺ കച്ചവടം നടത്തുന്ന ബാലൻ അവരുടെ സഹായത്തിന്നെത്തുന്നു. ഒടുവിൽ നോട്ട് വീണ്ടെടുത്ത് റസിയ്യയും സഹോദരനും സ്വർണ്ണ മത്സ്യക്കടയിലേക്ക് ഓടുമ്പോൾ ക്യാമറ കച്ചവടക്കാരൻ ബാലന്റെ വെള്ള ബലൂണിലേക്ക് തിരിയുന്നു. അതിജീവനത്തിന്റെ പുതിയ പ്രതീക്ഷകളുടെ ദൃശ്യ ബിംബമായി ഇവിടെ വൈറ്റ് ബലൂൺ മാറുന്നു. ചിത്രത്തിന്റെ പേരിന്റെ അർത്ഥഭംഗി പൂർണ്ണമാവുന്നത് ഈ രംഗത്താണ്. നിശബ്ദതയുടെ ഭാവപൂർണ്ണത ഈ ചിത്രത്തിലെ പല രംഗങ്ങളെയും സമ്പന്നമാക്കുന്നുണ്ട്. ദൃശ്യങ്ങളുടെ മന്ദതാളത്തിലുള്ളതും എന്നാൽ തുടർച്ചയുള്ളതുമായ വിന്യാസരീതി കുട്ടികളുടെ മനസ്സിന്റെ ഗതിവിഗതികളെ കുറിച്ചുള്ള ഉൾക്കാഴ്ചയെ കൂടി പ്രതിഫലിപ്പിക്കുന്നുണ്ട് അബ്ബാസ് കിരോസ്താമിയുടെ ഈ ചിത്രത്തിന്റെ തിരക്കഥ.

ഒരു ചെറിയ പെൺകുട്ടിയുടെ വികാരഭരിതമായ മുഖത്തിന്റെ സമസ്ത സാധ്യതകളും ഈ രംഗത്ത് സംവിധയകൻ ഉപയോഗപ്പെടുത്തുന്നുണ്ട്. സ്വർണ്ണ മത്സ്യവും പാമ്പാട്ടിയും അവളുടെ മനസ്സിൽ സൃഷ്ടിക്കുന്ന വടംവലികൾ ആ മുഖത്ത് മാറി മറിയുകയാണ്. അവളുടെ ദൈന്യം കാണുന്ന പാമ്പാട്ടി ആ പണം അവൾക്ക് തന്നെ തിരിച്ച് നൽകുന്നു.

Notes on Cinematographyയിൽ ബ്രെസ്സോൺ പറയുന്നുണ്ട്. "അവർ എനിക്ക്



എന്തു കാണിച്ച് തരുന്നു എന്നുള്ളതല്ല അവർ എന്നിൽ നിന്ന് എന്ത് ഒളിക്കുന്നു എന്നതാണ് പ്രധാനം." ബാല്യത്തെ രാഷ്ട്രീയവും സാമൂഹികവുമായ അന്യാപദേശ (Allegory)മായി അവതരിപ്പിക്കുന്ന പല ചിത്രകാരന്മാരും ധാരാളമുണ്ട്. ഏറെ രാഷ്ട്രീയ മാനങ്ങളുള്ള കഥകൾ കുട്ടികളിലൂടെ അവതരിപ്പിക്കുമ്പോൾ അവ തീവ്ര അനുഭവങ്ങളായി മാറുന്നു. ഇറാനിയൻ സംവിധായികയായ സമീറ മഖ്മൽ ബഫിന്റെ 'ദി ഡേ ഐ ബി കെയിം ഏ വുമൺ' സമീറയുടെ അനിയത്തി ഹന മക്മൽ ബഫിന്റെ 'ബുദ്ധ കൊളാപ്സ്ഡ് ഔട്ട് ഓഫ് ഷെയിം' ബഹ്മാൻ ഗോബാദിയുടെ 'ട്ടർട്ട്ൽസ് ക്യാൻ ഫ്‌ളൈ' (ഇറാനിയൻ അല്ല) എന്നീ ചിത്രങ്ങൾ യുദ്ധം, സ്ത്രീത്വം തുടങ്ങിയ പ്രമേയങ്ങളുടെ രാഷ്ട്രീയ മാനങ്ങൾ കുട്ടികളിലൂടെ ആവിഷ്കരിക്കുന്നതാണ്.

ഇറാനിയൻ സംവിധായികയായ സമീറ മഖ്മൽ ബഫിന്റെ 'ദി ഡേ ഐ ബി കെയിം ഏ വുമൺ' സമീറയുടെ അനിയത്തി ഹന മക്മൽ ബഫിന്റെ 'ബുദ്ധ കൊളാപ്സ്ഡ് ഔട്ട് ഓഫ് ഷെയിം' ബഹ്മാൻ ഗോബാദിയുടെ 'ടർട്ട്ൽസ് ക്യാൻ ഫ്‌ളൈ' (ഇറാനിയൻ അല്ല) എന്നീ ചിത്രങ്ങൾ യുദ്ധം, സ്ത്രീത്വം തുടങ്ങിയ പ്രമേയങ്ങളുടെ രാഷ്ട്രീയ മാനങ്ങൾ കുട്ടികളിലൂടെ ആവിഷ്കരിക്കുന്നതാണ്.

ബാല്യത്തെ പല ചിത്രത്തിലൂടെ ആവിഷ്കരിക്കുമ്പോൾ പ്രേക്ഷകർക്ക് കേവല കാഴ്ചയുടെ പ്രതീതിയല്ല, ലോകത്തെ ഒരു കാഴ്ചയിലൂടെ അവതരിപ്പിക്കപ്പെടുന്നതിന്റെ അനുഭവമാണ് ലഭിക്കുക. പരിചിതമായ ദൃശ്യ സൂചകങ്ങൾ പോലും ബാല്യത്തിന്റെ നിഷ്കളങ്കമായ കാഴ്ചയിലൂടെ കടന്ന് വരുമ്പോൾ ചിത്രത്തിന് വ്യത്യസ്തമായ ഒരു സൗന്ദര്യാനുഭവതലം സാധ്യമാവുന്നു. പല ചിത്രത്തിലൂടെ ജീവിത സത്യങ്ങളുടെ കലാത്മകമായ പ്രതീഫലനത്തെ തേടുമ്പോഴും ഓരോ കാഴ്ചക്കാരനും തന്റെ ബാല്യത്തെ തന്നെയാണ് തിരിച്ച് പിടിക്കാൻ ആഗ്രഹിക്കുന്നത്.

അഫീൽ
രണ്ടാം വർഷ കമ്പ്യൂട്ടർ സയൻസ്



# ചാലിയാറേ കരയല്ലേ...!!!

ഓരോ പുഴയും ഓരോ സംസ്കാരങ്ങളാണ്. അതിന്റെ പോഷക നദികൾ സാംസ്കാരത്തേയും പോഷിപ്പികക്കുന്നു, കൈവഴികളാവട്ടെ സംസ്കാരത്തെയും വ്യാപിപ്പിക്കുന്നു. നീലഗിരി കുന്നുകളിൽ നിന്നും ഉത്ഭവിച്ച് ബേപ്പൂരിൽ വെച്ച് കടലിൽ സംഗമിക്കുന്ന ചാലിയാറും മഹത്തായ സാംസ്കാരത്തിന്റെ തുടിപ്പാണ്.

നിലമ്പൂർ കാടുകളിലൂടെ ഒഴുകി മമ്പാടിനേയും എടവണ്ണയെയും അരീക്കോടിനെയും മാവൂരിനേയും വാഴക്കാടിനെയും ഫറോക്കിനെയും തഴുകി അറബിക്കടലിൽ ചേരുന്നതിനിടയ്ക്ക് എത്രയെത്ര ജനതകൾക്കാണ് ചാലിയാർ ജീവൻ നൽകുന്നത്. നിലമ്പൂരിലെ തേക്കും അരീക്കോടിലെ മണലും മാവൂരിലെ ഗ്രാസിമും വാഴക്കാട്ടെ വയലുകളും ഫാറൂഖ് കോളേജും ഫറോക്കിലെ ഓട് വ്യവസായവും, ഒന്നും തന്നെ ചാലിയാറില്ലാതെ പൂർണ്ണമല്ല.

ഫാറൂഖാബാദിലെ വിദ്യാർത്ഥികൾ, പ്രത്യേകിച്ച് ഹോസ്റ്റലിൽ താമസിക്കുന്നവർ സായാഹ്നം ചിലവഴിക്കുന്നത് ചാലിയാറിന്റെ തീരത്തെ അണ്ടിക്കാടൻ കുഴിയിലാണ്. ഒരു പക്ഷേ, ചാലിയാറിൽ ഏറ്റവും മനോഹരമായത് ഇവിടെയാണെന്ന് തോന്നും. ചാലിയാറിന്റെ കളകള നാദവും നാട്ടുകാരുടെ സ്നേഹാന്വേഷണങ്ങളും വിദ്യാർത്ഥികളുടെ മനംകവരുന്നു. മണൽ തൊഴിലാളികൾ വിശ്രമിക്കാൻ വേണ്ടി പണിതഷെഡിലെ മരപ്പാത്തിയിലിരുന്ന് പ്രണയസഖിയുമായി ഫോണിൽ സംസാരിക്കുന്ന കാമുകന്മാരും മരക്കുറ്റിയിൽ കെട്ടിയിട്ട തോണികളിൽ കയറി ഫോട്ടോക്ക് പോസ് ചെയ്യുന്ന സുന്ദരന്മാരും ഇവിടുത്തെ സ്ഥിരം കാഴ്ചയാണ്. അതി

നാൽ തന്നെ ഫാറൂഖ്കോളേജും ചാലിയാറും തമ്മിൽ ഹൃദയബന്ധം കാത്തുസൂക്ഷിക്കുന്നു എന്ന് വ്യക്തം.

ഇനിയെത്ര നാൾ ചാലിയാറുമായി സല്ലപിക്കാൻ ലഭിക്കുമെന്നത് ഉത്തരം കിട്ടാത്ത ചോദ്യമാണ്. കേരളീയ ഭവനങ്ങൾക്ക് കൊട്ടാരത്തിന്റെ വലിപ്പമായും ആഡംബരത്തിന്റെ ചിഹ്നവുമായി രൂപാന്തരം പ്രാപിച്ചപ്പോൾ ഭയാനകമായ രീതിയിൽ നമ്മുടെ നദികളിൽ മണലൂറ്റപ്പെടുകയാണ്. പ്രത്യേകിച്ച് ചാലിയാറിലെ മണലിന് നല്ല 'മാർക്കറ്റ്' ഉള്ളതിനാലും ഗുണമേന്മയേറിയതിനാലും ചാലിയാറിന്റെ നിലനിൽപിന് തന്നെ ഭീഷണിയായ വിധത്തിൽ മണൽ വാരൽ നടത്തുകയാണ്. മമ്പാട്, എടവണ്ണ, അരീക്കോട്, കീഴുപറമ്പ്, വാഴക്കാട്, ആക്കോട്, ഫറോക്ക് തുടങ്ങിയ കടവുകൾ മണൽ മാഫിയ കയ്യേറിയപ്പോൾ നിസ്സഹായരായി നിൽക്കാനേപോലീസടക്കമുള്ള ഭരണകൂടത്തിന് സാധിക്കന്നുള്ളൂ എന്നത് ഓർമിക്കേണ്ട വസ്തുതയാണ്.

മണൽ മാഫിയയെ ചെറുക്കുന്ന പോലീസ് ഉദ്യോഗസ്ഥരെയും റവന്യു ഉദ്യോഗസ്ഥരെയും അപായപ്പെടുത്തുന്നത് നമ്മൾ കാണാതെ പോകരുത്. ഇനിയെന്ത് എന്ന ചോദ്യത്തിന് ഒരു മറുപടി മാത്രമുള്ളൂ, അൽപകാലം മുമ്പ് ചാലിയാറിനെവിഷത്തിൽ മുക്കിക്കൊല്ലാൻ തുടങ്ങിയ മാവൂരിലെ ഗ്രാസിം ഫാക്ടറിയെ അടച്ചു പൂട്ടിച്ച ജനകീയ സമരമുറ. സമൂഹത്തിന്റെ എല്ലാ തുറയിലും പെട്ട ആളുകളും സങ്കടനകളും ഒറ്റക്കെട്ടായി നിന്നപ്പോൾ ഗ്രാസിം അധികൃതർ മുട്ടുമടക്കിയത് ചരിത്ര സത്യമാണ്. അന്ന് ഫാറൂഖ് കോളേജിലെ വിദ്യാർത്ഥികൾ മാവൂരിലേക്ക് വഞ്ചിയാത്ര നടത്തിയത് പോലെ മണൽ മാഫിയക്ക് നേരെയും നമ്മൾ പ്രതിഷേധിക്കണം. നമ്മുടെ നിലനിൽപ്പിന് വേണ്ടി, സംസ്കാരം നശിപ്പിക്കാതിരിക്കാൻ വേണ്ടി സമരസജ്ജരാകുക, ചാലിയാറിന്റെ വീണ്ടെടുപ്പിന്...!



മുഹമ്മദ് അസ്‌ലം
മൂന്നാം വർഷ ഊർജ്ജതന്ത്രം



# ഈ കലാലയം എന്റെ ജീവിതാമൃതം

ഇന്നീ അർദ്ധ രാത്രി മെഴുകുതിരി വെട്ടത്തിനു മുന്നിലിരുന്ന് പേനച ലിപ്പിക്കാൻ എന്നിൽ ഉടലെടുത്ത വികാരമാണ് ഫാറൂഖാബാദേ നിന്നോടുള്ള പ്രണയം. എരിഞ്ഞടങ്ങുന്ന മെഴുകുതിരി സാക്ഷിയായി കുറിച്ചിടട്ടെ..., ചെറിയ നൊമ്പരങ്ങൾ.

ഒരുപാട് അലയൊലികൾക്കൊടുവിൽ, രാജാഗേറ്റിന്റെ പടി ചവിട്ടിയപ്പോൾ അറിയാതെ ഉള്ളിൽ കടന്ന ഒരാഗ്രഹമുണ്ട്. പുറത്തിറങ്ങുമ്പോൾ തികച്ചും വ്യത്യസ്തനാവണമെന്ന അതിയായ ആഗ്രഹം. അന്ന് പക്ഷെ, അറിഞ്ഞിരുന്നില്ല, ഈ കാമിനിയെ വിട്ട് അകലേണ്ടിവരുമെന്ന്.

അറിവിന്റെ ഈ വാതായനത്തിലേക്ക് കാലെടുത്ത് കുത്തിയ ആർക്കും മടുത്തിരിക്കില്ല ഈ സുന്ദരഭവനം. എന്തുകൊണ്ടും ഏറ്റവും കൂടുതൽ സ്നേഹിക്കപ്പെടുന്ന മതിലുകളാൽ ചുറ്റപ്പെട്ട ഈ ഗേഹം. ഒരു ജനതയുടെ കണ്ണീരൊപ്പാൻ, അവനെ സമൂഹത്തിന്റെ ഉന്നതിയിലേക്ക് കൈപിടിച്ചുയർത്താൻ ഒരു പറ്റം പണ്ഡിതരും വീക്ഷണപാഠവമുള്ള ചിന്തകരും ചേർന്നൊരുക്കിയ വഴിയമ്പലം. വൃക്ഷങ്ങളും കുറ്റിച്ചെടികളും ആഭരണങ്ങളായി സ്വീകരിച്ച് ചമഞ്ഞിരിക്കുന്ന ഫാറൂഖാബാദിനെ ആരും പ്രണയിച്ച് പോകും.

അധികനാളുകൾ വേണ്ടിവന്നില്ല ഫാറൂഖാബാദിനെ മനസ്സിലാക്കാൻ, അതിന്റെ തുടിപ്പറിയാൻ... വർഷത്തിൽ നൂറോ നൂറ്റിഅമ്പതോ ദിവസം മാത്രം പ്രവർത്തിക്കുന്ന പകൽ വിദ്യാലയത്തിലുപരി, കോളേജിന്റെ ഗതി നിയന്ത്രിച്ചിരുന്നത് രാത്രിയിലും കൂട്ടിരുന്ന ഞങ്ങളായിരുന്നു. അന്തിമയങ്ങുന്നത് വരെ കാമ്പസിൽ ജീവിച്ച് അതിന് ശേഷം ചേക്കേറുന്ന ഭവനമോ അത് അതിലേറെ സുന്ദരം. സമ്പന്നന്റെയും, ദരിദ്രന്റെയും കാൽപാദങ്ങൾ ഒരുപോലെ പതിഞ്ഞ ഹോസ്റ്റൽ. ബൂട്ടും, ഷൂസും, ചെരിപ്പും ഒരുപോലെ ഉമ്മവെച്ച വരാന്തകൾ... വർഗ്ഗ-വർണ വിവേചനങ്ങൾക്കതീതമായി എല്ലാവരും കെട്ടിപ്പിടിച്ചുറങ്ങുന്ന ഒരേയൊരു ഭവനം. ഇവിടെ തമ്മിൽ തല്ലുകൾ ഇല്ലായിരുന്നു. ഉയർന്നവനും താഴ്ന്നവനുമെന്ന വേർതിരിവില്ല. എല്ലാവരും അന്നം കഴിച്ചത് ഒരേപാത്രത്തിൽ... എല്ലാവരുടേയും ഇരിപ്പിടങ്ങൾ ഒന്നായിരുന്നു. അകലത്തിലിട്ട കട്ടിലുകൾ ഞങ്ങൾ അടുപ്പിക്കുമായിരുന്നു. ഞങ്ങളുടെ ഹൃദയങ്ങൾ അടുത്തപോലെ...! ഒരുവന്റെ കണ്ണുനീരിന്റെ ഭാരം തുല്യമായി വീതിക്കുമായിരുന്നു. ആഹ്ലാദനിമിഷങ്ങളും ഒരുമിച്ച് തന്നെ. സ്വന്തമായി ഒരു വികാരത്തിനും ഇവിടങ്ങളിൽ സ്ഥാനമില്ലായിരുന്നു. അറിയാതെ മനസ്സുകളിൽ നന്മ നിറയുകയായിരുന്നു, ഒരായുഷ്ക്കാലം പരിശ്രമിച്ചാലും നേടാൻ കഴിയാത്തത്ര...

കുളി കഴിഞ്ഞ് തിരച്ചിലാണ്, ധരിക്കേണ്ട വസ്ത്രത്തിന്. വസ്ത്രങ്ങൾ ഇവിടെ ആർക്കും സ്വന്തമായിരുന്നില്ല. 8.30ന് ഉറക്കച്ചടവോടെ നീട്ടിവച്ച ബ്രഷുമായി വാതിൽ പടിയിൽ വന്ന് നിൽക്കുന്ന സുഹൃത്തിന് പേസ്റ്റ് നൽകുമ്പോഴുണ്ടാകുന്ന



വികാരം ഒന്ന് വേറെത്തന്നെ. തട്ടിപ്പറിക്കലുകൾക്കൊടുവിൽ, ചൈനീസ് കുളിയും കഴിച്ച് സുന്ദരക്കുട്ടപ്പന്മാർക്ക് ഒരോട്ടമുണ്ട് കോളേജിലേക്ക്.

ക്ലാസ്സിന് മുന്നിലെത്തുമ്പോഴേക്കും പത്ത് മിനിട്ട് ലേറ്റ്... ഹോസ്റ്റൽ നിവാസികളോട് അധ്യാപകർ അതി 'ക്രൂര'മായാണ് പെരുമാറിയിരുന്നത്. പത്ത് അടി എന്ന 'ദീർഘ' ദൂരം സഞ്ചരിച്ചെത്തുന്ന അവർക്ക് പത്ത് മിനിട്ട് ലേറ്റ് സ്വാഭാവികമായി അംഗീകരിക്കേണ്ടതാണ്.

പകുതി ക്ലാസ് കഴിഞ്ഞാൽ തുടങ്ങും ഉറക്കം തൂങ്ങൽ. അർദ്ധരാത്രിവരെ ഉറക്കമൊഴിച്ചിരിക്കും. ഉറങ്ങിയെന്ന് വരുത്തിത്തീർക്കാൻ ഉറങ്ങും. വലിച്ച് പിടിച്ച കണ്ണിലൂടെയും പാതിതുറന്ന ചെവിയിലൂടെയും നേടുന്ന വിദ്യയുടെ മാധുര്യം ഒന്ന് വേറെത്തന്നെ.

അർദ്ധരാത്രി, അടുത്ത് കിടക്കുന്ന വാതിലുകൾ മെല്ലെ തുറക്കുന്നതും ഭക്ഷണം തേടി അലയുന്നതും പതിവ് കാഴ്ച.

മൂന്ന് വർഷത്തിനിടക്ക് വാർഡന്മാരുടെ മുന്നിൽ ഓഛാനിച്ച് നിന്ന് സുഹൃത്തിന് വേണ്ടി യാചിച്ചതും, ശിക്ഷ ഇളവ് ചെയ്യിച്ചതും ഓർമ്മയായി മറയുന്നു. മഹാന്മാരുടെ കാലടികൾപോലും പതിഞ്ഞ ഈ ഹോസ്റ്റൽ വരാന്ത ഏത് പാതിരാത്രിയിലും ഉണർന്ന് തന്നെയിരിക്കും.

മുകൾ തട്ടിൽ ഒരു മൂലയുണ്ട്. എന്നും പൂപ്പൽ പിടിച്ചും നനഞ്ഞും കിടക്കുന്ന ചുമരുകളാൽ ചുറ്റപ്പെട്ട ഒരു കൊച്ചുമൂല. ഒരുപാട് പരാജയപ്രണയങ്ങൾക്ക് സാക്ഷ്യം വഹിച്ച, കണ്ണുനീർവീണ് കുതിർന്നിടം. സുഹൃത്തുക്കളിൽ നിന്ന് ഹൃദയം പങ്കുവെക്കപ്പെട്ടവളെ മറച്ചുവെക്കുന്നതും, ആരും അറിയാതെ ദു:ഖങ്ങൾ കണ്ണീരാക്കി പുറംതള്ളുന്നതുമിവിടം. മിഴിനീരിൽ കുതിർന്നിരിക്കുന്നത് കൊണ്ടാവാം എപ്പോഴും നനഞ്ഞിരിക്കും ഇവിടെ.

മൂന്ന് വർഷത്തിനിടക്ക് വാർഡന്മാരുടെ മുന്നിൽ ഓഛാനിച്ച് നിന്ന് സുഹൃത്തിന് വേണ്ടി യാചിച്ചതും, ശിക്ഷ ഇളവ് ചെയ്യിച്ചതും ഓർമ്മയായി മറയുന്നു. മഹാന്മാരുടെ കാലടികൾപോലും പതിഞ്ഞ ഈ ഹോസ്റ്റൽ വരാന്ത ഏത് പാതിരാത്രിയിലും ഉണർന്ന് തന്നെയിരിക്കും.

രഹസ്യങ്ങൾ മറനീക്കി പുറത്തുവരുന്നതും, നിയമങ്ങളെ കാറ്റിൽ പറത്തി ബഹളത്തിന്റെ കേന്ദ്രമായി മാറുന്നതുമായ മെസ്സ്. ഇരുപത്തിനാല് മണിക്കൂറും സീരിയൽ കണ്ട് മലീമസമാക്കപ്പെട്ട ഒരു കണക്ഷനും, ടി.വിയും ബഹളത്തിന് മാറ്റുകൂട്ടും..

അന്യന്റെ പച്ചിറച്ചി ആഹാരത്തിന് കൂടുമ്പോൾ രുചി കൂടുമെന്ന് ആരോ പറഞ്ഞപോലെ ഭക്ഷണം കഴിച്ചിറങ്ങുമ്പോഴേക്കും സമ്മേളന നഗരി വിട്ടിറങ്ങിയ പ്രതീതി. മെസ്സിന്റെ മാത്രം സവിശേഷതകളാണിതെല്ലാം...

ഫൈനാട്സ് രാവുകളിൽ ഉറക്കമൊഴിച്ചിരിക്കുന്നതും എതിർ ടീമിന്റെ

പ്രോഗ്രാം അതിവിദഗ്ധമായി ചോർത്തിയെടുക്കുന്നതും ഒന്നിച്ചുനിന്ന് പൊരുതി തോൽക്കുന്നതും മറ്റൊരു കാഴ്ച. അംഗബലം കൊണ്ട് നേടാൻ കഴിയാതെ വന്നത് ശബ്ദബലം കൊണ്ട് നേടുന്ന നേർക്കാഴ്ച.

അനുഗ്രഹീതമായ ഒരു ക്യാമ്പസിന്റെ അനുഗ്രഹമാണ് പാഠ്യേതര പ്രവർത്തനങ്ങളിലുള്ള മുന്നേറ്റം. യൂണിവേഴ്സിറ്റിക്കു കീഴിൽ, എന്നും ഞങ്ങൾക്ക് കീഴെ മാത്രമേ ആരെയും നിർത്തുകയുള്ളൂ എന്ന വാശി. ഫാറൂഖാബാദ്... മരവിച്ച മനസ്സുമായി നിന്നെ സമീപിച്ച ഒരു പറ്റം കലാകാരന്മാർക്ക് നീ ജീവൻ പകർന്നു. നിന്റെ തുടിപ്പുകളെ തൊട്ടറിഞ്ഞ ഒരുപാട് ചിന്തകൾക്കും നേതൃത്വപാടവമുള്ളവർക്കും നീ ആവേശം പകർന്നു. ചിന്തിക്കുന്ന ഒരു ജനവിഭാഗത്തെ നീ വളർത്തിയെടുത്തു. ഒരു ജനതയുടെ സഹവർത്തിത്വത്തിന് നീ വേദിയായി. ആർട്സ് രംഗത്തായാലും, സ്പോർട് രംഗത്തായാലും ഒരുപറ്റമാളുകളെത്തി കീഴടക്കി തിരിച്ചു പോരാറാണ് പതിവ്. അന്ന് ഫാറൂഖിന്റെ നാമമുച്ചരിക്കാൻ മാധ്യമങ്ങൾ പോലും തിരക്കുകൂട്ടുന്നു.

ഫാറൂഖാബാദിന്റെ പൊന്നോമനകൾ, കീഴടക്കി തിരിച്ച് വരുമ്പോൾ എതിർ ടീമുകൾ നെഞ്ചത്ത് കൈവെക്കും. പെർഫോമെൻസ് കണ്ട് അന്തം വിടുന്നവർ അറിയാതെയെങ്കിലും ഉരുവിടും "ഇവർക്കുതന്നെ..." അറിഞ്ഞോ അറിയാതെയോ ഓരോന്നിനും ഭാഗവാക്കാകുമ്പോൾ അന്യന്റെ മുന്നിൽ നെഞ്ച് വിരിച്ച്, അൽപം അഹങ്കാരത്തോടെ നിൽക്കുന്ന ഒരു നിൽപ്പുണ്ട്. ഏത് ആർപ്പു വിളികൾക്കുമൊടുവിൽ ഫാറൂഖാബാദെന്ന നാമധേയം മുഴങ്ങിക്കേൾക്കുമ്പോൾ അറിയാതെ കുളിര് കയറും. "ഞാൻ ഫാറൂഖിയൻ" എന്ന് ഉറക്കെ വിളിച്ച് പറയുമ്പോൾ കണ്ണു നിറയും.

ക്യാമ്പുകൾക്ക് ക്യാമ്പസിലെ സ്വാധീനം ഒന്ന് വേറെത്തന്നെ. എൻ.എസ്.എസ്. ക്യാമ്പുകൾ, വിദ്യാർത്ഥിയുടെ അന്തരാത്മാവിനെ ഉണർത്തുന്നതോടൊപ്പം സമുഹത്തിനുമേൽ അവനുള്ള കടപ്പാടുകളെ വിളിച്ചോതുകയും ചെയ്യുന്നു. ഏറ്റവും കൂടുതൽ ആസ്വാദനത്തിന് വഴിയൊരുങ്ങുന്നതും ക്യാമ്പിൽ തന്നെ. വിദ്യാർത്ഥി മനസ്സ് ഒന്നായി മാറുന്നതിന്റെ ഉത്തമോദാഹരണമത്രെ എൻ.എസ്. എസ്. ക്യാമ്പ്.

കുസൃതികൾ കാണിച്ച് സുഹൃത്തിനെ കെണിയിൽ വീഴ്ത്തുന്നതും, അതേ കരങ്ങൾ തന്നെ സഹായ ഹസ്തങ്ങളായി മാറുന്നതും, ബന്ധത്തിന്റെ രൂപഭേദങ്ങൾ തന്നെ ഏഴ് ദിനങ്ങളായി ചുരുക്കി കേന്ദ്ര സർക്കാർ ചതി ചെയ്തെങ്കിലും, ഉള്ള ദിനങ്ങൾ ജീവിതത്തിലൊരിക്കലും മറക്കില്ലെന്ന് മൊഴിഞ്ഞാണ് ക്യാമ്പസിന്റെ പടിയിറങ്ങുന്നത്. ആ ദിവസങ്ങൾ നാം ഒരുമിച്ച് ജീവിക്കുകയായിരുന്നു. രാത്രിയെന്നോ, പകലെന്നോ ഇല്ലാതെ, ആൺ-പെൺ ഭേദമില്ലാതെ... ഒരു കുടുംബമായി പിരിയുമ്പോൾ കണ്ണുനീരൊഴുക്കി ആലിംഗനം ചെയ്ത് വിടവാങ്ങുന്ന ഒരു കൂട്ടം സുന്ദരീ-സുന്ദരന്മാർ.

നിർവികാരനായി, സ്വാർത്ഥനായി അലയാൻ ശ്രമിച്ച എന്റെ മുന്നിൽ, പിഞ്ചു

കുഞ്ഞിന്റെ തലയറുത്തെടുക്കുന്ന സാമ്രാജ്യത്വ കഴുകനെകാണിച്ച് പ്രതികരിക്കാൻ മൊഴിഞ്ഞതും ഈ ക്യാമ്പസ് തന്നെ. ക്രൂരവിനോദങ്ങൾക്ക് അടിമപ്പെട്ട 'കഴുകൻ'മാർക്ക് മുമ്പിൽ സന്ധിയില്ലാതെ പോരാടാൻ തയ്യാറെടുക്കാൻ പഠിപ്പിച്ചതും ഈ ക്യാമ്പസ്...

അന്തിമയങ്ങുന്ന നേരത്ത് ആ മൂലയിൽ വന്നിരിക്കാൻ നല്ല സുഖമാണ്. ന്യൂ ബ്ലോക്കിനടുത്തുള്ള ഗ്രൗണ്ടിന്റെ ആ മൂലയിൽ. കാറ്റാടി മരത്തിനു ചുവട്ടിൽ, തണുത്ത കാറ്റും കൊണ്ട് കാറ്റാടി മരങ്ങളുടെ മർമ്മരം കേട്ടിരിക്കുമ്പോൾ, ഓർമ്മകൾ ഓരോന്നായി തികട്ടിയെത്തും. വികാരങ്ങളുടെ വേലിയേറ്റം സംഭവിക്കും. പകലവൻ കടലിൽ താഴ്ന്നാൽ വിളക്കുകൾ തെളിയാൻ തുടങ്ങും. മഞ്ഞവെളിച്ചത്തിൽ കുളിച്ച് ഫാറൂഖാബാദ്, അതി സുന്ദരമായി തലയുയർത്തി നിൽക്കുന്നു.

അവസാനം എക്സാം രാവുകളാണ്. ഉറക്കമൊഴിച്ചിരുന്ന് പഠിക്കുന്നതും എല്ലാം മാറ്റിവെച്ച് പഠനത്തിൽ ശ്രദ്ധിക്കുന്നതും ഫാറൂഖാബാദിന്റെ മക്കൾ. അവസാനം ഏറ്റവും പ്രധാനപ്പെട്ട റിസൾട്ട് നേടിയെടുക്കുന്നതും ഇവിടുത്തുകാർ തന്നെ.

ഓർമ്മകൾക്ക് വഴിമാറുമ്പോൾ, ചിന്തകൾ വേലിയേറ്റം സൃഷ്ടിക്കുമ്പോൾ കണ്ണുനിറയുന്ന ഒരു കാര്യം മൂന്നുവർഷമെന്ന് ഈ പരിധി എന്തിന്? ഫാറൂഖാബാദേ... നിന്നിലേക്ക് വരുന്നവർക്ക് നിനക്കെന്നും അഭയം നൽകിക്കൂടെ...?

ഫാറൂഖാബാദേ... നിനക്കെന്നും കൗമാരമാണ്; എന്നും യൗവനമാണ്. ഒരു തലമുറക്ക് പിന്നാലെ അടുത്തത്. പുതുതലമുറ മാധുര്യം നുകരാൻ നിന്നിലേക്ക് പാഞ്ഞടുക്കുകയാണ്. അതേസമയം നിറക്കണ്ണുകളോടെ നിന്നെപ്പിരിയാൻ മടിച്ചു നിൽക്കുന്ന ഒരു വിഭാഗം മറുവശത്ത്.

വിട പറച്ചിൽ അനിവാര്യമാണ്. എങ്കിലും ഓർമ്മകളായി തികട്ടിയെത്തുമ്പോൾ, വിട്ടുപിരിയണമെന്നോർക്കുമ്പോൾ, നൊമ്പരം കൊണ്ട് കണ്ണുനിറയുന്നു. അന്ന് കടന്ന് വന്ന അതേ രാജാ ഗേറ്റ് വിടപറയാൻ ഒരുങ്ങി നിൽക്കുമ്പോൾ പാദങ്ങൾക്കെന്തോ വിറയൽ പോലെ. പാറിപ്പറന്നുവന്ന ഈ സുഹൃത്ത് അറിഞ്ഞില്ല, ഈ നിമിഷങ്ങൾ ഉണ്ടാവുമെന്ന്, വിടപറയേണ്ടിവരുമെന്ന്.

അവസാനം എക്സാം രാവുകളാണ്. ഉറക്കമൊഴിച്ചിരുന്ന് പഠിക്കുന്നതും എല്ലാം മാറ്റിവെച്ച് പഠനത്തിൽ ശ്രദ്ധിക്കുന്നതും ഫാറൂഖാബാദിന്റെ മക്കൾ. അവസാനം ഏറ്റവും പ്രധാനപ്പെട്ട റിസൾട്ട് നേടിയെടുക്കുന്നതും ഇവിടുത്തുകാർ തന്നെ.

മണിക്കൂറുകൾക്ക് മുമ്പ് കത്തിത്തുടങ്ങിയതാണ് ഈ മെഴുകുതിരി. അത് അണയാൻ തുടങ്ങുന്നു. അതിന്റെ ധർമ്മം അത് ഭംഗിയായി നിറവേറ്റി. ഈ നിമിഷം വരെ വെട്ടം പകർന്നു. മെഴുകുതിരി അണഞ്ഞു തുടങ്ങി..., വിതുമ്പിക്കൊണ്ട് വിടപറയാൻ തുടങ്ങുന്ന ഈ ഹൃദയവും...

ദിലാര. എം
രണ്ടാം വർഷ ഇംഗ്ലീഷ് സാഹിത്യം



" ഓരോ ബാല്യത്തിലും ഒരുദ്യാനമുണ്ട്,
മോഹനമായ ഒരിടം, അവിടുത്തെ
നിറങ്ങൾക്കെല്ലാം പ്രത്യേക തിളക്കമാണ്,
അവിടെയടിക്കുന്ന കാറ്റ് ആർദ്രമാണ്,
പകലുകൾ ഒരിക്കലും അനുഭവിച്ചറിയാൻ
കഴിയാത്തത്ര സുഗന്ധം നിറഞ്ഞതും ".
- എലിസബത്ത് ലോറൻസ്

# കളിവീട്

എന്റെ കുട്ടിക്കാലവും വ്യത്യസ്തമൊന്നുമായിരുന്നില്ല. ഇന്നത്തെ ഹൈടെക് ബേബീസിന് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഒരുപിടി നനുത്ത ഓർമ്മകൾ ഇന്നും എന്റെ ഉള്ളിൽ തന്നെയുണ്ട്... എന്റെ ഭാഗ്യം! ബാല്യത്തെ കുറിച്ചോർക്കുമ്പോൾ അവ്യക്തമായ ഒരുപാട് ചിത്രങ്ങൾ മനസ്സിലേക്ക് കടന്ന് വരുന്നു, അവയൊക്കെ ഇവിടെ ഞാൻ ചേർത്ത് വച്ചോട്ടെ.

ആദ്യത്തെ ചിത്രം തറവാട്ട് വീടിന്റേതാണ്. ഞാൻ കണ്ടിട്ടില്ലാത്ത എന്റെ ഉപ്പാപ്പ ജീവിച്ച് മരിച്ച വീട്. അദ്ദേഹത്തെ കുറിച്ച് കേട്ടറിവേ ഉള്ളൂ എനിക്ക്. കുഞ്ഞുങ്ങളെ ഒരുപാട് ഇഷ്ടമായിരുന്നെന്നൊക്കെ കേൾക്കുമ്പോൾ കൊതിയാകും. ഉപ്പാപ്പയില്ലാത്ത ബാല്യം നഷ്ടം തന്നെയാണ്. എങ്കിലും ആ നഷ്ടം കുറേയൊക്കെ നികത്താൻ എന്റെ ഇമ്മച്ചിക്ക് സാധിച്ചിട്ടുണ്ട്. മക്കളെയും മരുമക്കളെയുമെല്ലാം വിറപ്പിച്ച് നിറുത്തിയിരുന്നത്രെ ഇമ്മച്ചി. ദേഷ്യത്തോടെയുള്ള ഇമ്മച്ചിയുടെ മുഖം കണ്ടതായി ഞാൻ ഓർക്കുന്നില്ല. കാരണം, ഞങ്ങൾ കുട്ടികളോടൊക്കെ സ്നേഹത്തോട് മാത്രമേ ഇമ്മച്ചി പെരുമാറിയിട്ടുള്ളൂ. എന്റെ ഓർമ്മയിൽ ഇന്നും ആ വീട്ടിലെ ഒരു മുറിയിൽ തൈലവും തേച്ച് കാലും നീട്ടിയിരിക്കുന്ന ഇമ്മച്ചിയുണ്ട്. ഇടയ്ക്കൊക്കെ തൈലം തേച്ച് കൊടുത്ത് ഞാനും സ്നേഹം കാണിക്കാറുണ്ടായിരുന്നു. സ്നേഹമല്ല, സോപ്പ്. എന്റെ കണ്ണ് പക്ഷെ ഗൾഫുകാരും മറ്റും ഇമ്മച്ചിയെ സന്ദർശിക്കുമ്പോൾ ഏൽപ്പിച്ചിരുന്ന മിഠായിപ്പൊതിയിലും ബദാമിലും പിസ്തയിലും ഒക്കെയായിരിക്കും. മിഠായിയുടെയും പിസ്തയുടെയുമൊക്കെ എണ്ണം കൂടുന്നതിനനുസരിച്ച് സോപ്പിന് പതയും കൂടും.

പേരുകേട്ട ഒരു സ്കൂളിലായിരുന്നു എന്റെ പ്രാഥമിക വിദ്യാഭ്യാസം. സ്കൂളിലെ ആദ്യ ദിനത്തെ കുറിച്ചോർത്താൽ എന്നും ഭയമാണ്. അന്ന് ഉച്ചഭക്ഷണം കഴിക്കാനുള്ള സമയമെന്ന് കരുതി ഞാൻ ചോറ്റുപാത്രം തുറന്നതും കുട്ടികളുടെയൊക്കെ പേടിസ്വപ്നമായിരുന്ന ഒരു ആയ എന്നെ വഴക്ക് പറഞ്ഞതും എനിക്ക് സ്കൂളിനോടുള്ള 'സ്നേഹം' കൂട്ടിയിരുന്നു. പ്രസരിപ്പ് നിറഞ്ഞ ഒരു മുഖം അന്ന് എന്റെ രക്ഷയ്ക്കെത്തി, അന്നും ഇന്നും എനിക്ക് മാതൃകയായ, അധ്യാപനം എന്നാൽ സ്നേഹമാണെന്ന് എനിക്ക് കാണിച്ചുതന്ന ഒരധ്യാപിക. ജീവിതവും അധ്യാപനവും തമ്മിൽ കൂട്ടിയിണക്കാൻ വെമ്പുന്ന ഒരു കണ്ണിയായി ഇന്നും ആ അധ്യാപികയെ കുറിച്ചുള്ള നല്ല നല്ല ഓർമ്മകൾ എന്റെ കൂടെയുണ്ട്.

ഇനി നമുക്ക് തറവാട്ടിലേക്ക് തന്നെ തിരിച്ച് പോകാം. തറവാട്ടിലെ അന്തേവാസികളെ നമുക്ക് രണ്ടായിത്തിരിക്കാം- മുതിർന്നവരും കുട്ടികളും. ഇമ്മച്ചി, പാപാപ്പ (പപ്പയുടെ ജ്യേഷ്ഠൻ), മമ്മിടെ (പാപാപ്പയുടെ ഭാര്യ), പപ്പ, ഉമ്മ, അടുക്കള ജോലിയും പുറം ജോലിയുമൊക്കെ ചെയ്തിരുന്ന വേലക്കാർ, ഇവരൊക്കെ അടങ്ങിയതാണ് മുതിർന്നവർ. ഞാൻ, എന്റെ അനിയത്തി ആപീപ്പിയും, ഇക്കാക്കയും, പാപാപ്പയുടെ മക്കളായ ചപ്പുട്ടനും ഇയ്യാവുവും വല്യാത്തയുമൊക്കെ അടങ്ങിയതാണ് കുട്ടികളുടെ ലോകം. ഇയ്യാവു എന്റെ പ്രായക്കാരിയാണ്- തറവാട്ടിലേക്ക് ഇയ്യാവു ആദ്യമായി വന്നത് ഇന്നും ഞാൻ ഓർക്കുന്നുണ്ട്. കടും നീല നിറത്തിലുള്ള പട്ടുപാവാട ഇട്ട് ഒരു 'ഉണ്ടകുട്ടി'. അവളെ കണ്ട് ചിരിച്ചുകൊണ്ട് ഞാനന്ന് അവിടെ വീട്ടുജോലിക്ക് നിന്നിരുന്ന താത്തയോട് ചെന്ന് പറഞ്ഞത് "ഒരു ഉണ്ടച്ചി വന്നിട്ടുണ്ട്"എന്നായിരുന്നു. അതുകേട്ട് അവര് കുറേ ചിരിക്കുകയും ചെയ്തു. ചപ്പുട്ടന് ആപീപ്പിയേക്കാൾ ഒരു വയസ്സിന്റെ മൂപ്പുണ്ട്. ഞങ്ങൾ കുട്ടികൾക്കിടയിൽ വഴക്ക് ഉണ്ടാകുന്നത് പതിവായിരുന്നു. രണ്ട് ഗ്രൂപ്പ്, ഞങ്ങളുടെ ഭാഷയിൽ, 'സെറ്റായി' തിരിഞ്ഞാണ് അടിപിടി. ഞാനും ചപ്പുട്ടനും ഒരു സെറ്റ്. ഇയ്യാവുവും ആപീപ്പിയും അടുത്ത സെറ്റ്. ഇക്കാക്കയും വല്യാത്തയും പക്ഷെ മുതിർന്നവരുടെ ലോകത്തെത്താനുള്ള വെമ്പലിലായിരുന്നതു കൊണ്ടാവാം ഞങ്ങളുടെ കുസൃതികളിലൊന്നും അവരുടെ പങ്കാളിത്തം ഇല്ലായിരുന്നു. അവരെപ്പോഴും ഞങ്ങൾ കുട്ടികൾക്കിടയിലെ വലിയവരായി.

> തറവാട്ടിലേക്ക് ഇയ്യാവു ആദ്യമായി വന്നത് ഇന്നും ഞാൻ ഓർക്കുന്നുണ്ട്. കടും നീല നിറത്തിലുള്ള പട്ടുപാവാട ഇട്ട് ഒരു 'ഉണ്ടകുട്ടി'

കഴിയുന്നതും എല്ലാത്തരം വികൃതികളും ഞങ്ങൾ ഒപ്പിച്ചിട്ടുണ്ട്. കുളിമുറിയുടെ വെള്ളം ഒഴുക്കി വിടാനുള്ള ഓട്ട തുണി തിരുകി അടച്ച്, വെള്ളം കെട്ടി നിർത്തി, ഞങ്ങളുടെ ഭാഷയിൽ 'സ്വിമ്മിംഗ് പൂൾ' ആക്കി മാറ്റിയാണ് നീരാട്ട്. ഉമ്മയുടെയും മമ്മിടെയുടെയും കണ്ണുവെട്ടിച്ചായിരുന്നു ഈ അടിപൊളി കുളി.

ഞങ്ങളെയൊക്കെ പേടിപ്പിച്ച് നിർത്താൻ കഴിവുള്ള ഒരാളെ ഉണ്ടായിരുന്നുള്ളൂ, എന്റെ പപ്പ. മുറ്റത്ത് കളിച്ചോണ്ടിരിക്കുമ്പോൾ ആരെങ്കിലും പപ്പയെന്ന് പറഞ്ഞാൽ

മതി, കുട്ടിപ്പട്ടാളം നിമിഷ നേരം കൊണ്ട് അവിടെ നിന്ന് അപ്രത്യക്ഷരാകും. ഒരിക്കൽ മേശയുടെ മുകളിൽ ചളി പുരണ്ട കാലടയാളം. പപ്പ അന്വേഷണം ആരംഭിച്ചു. കുട്ടികളെ എല്ലാവരെയും ആ മേശയുടെ മുന്നിൽ നിരത്തി നിർത്തി. ഓരോരുത്തരെയായി ചോദ്യം ചെയ്തു.അവസാനം സംശയം തോന്നി ചപ്പുട്ടനെ മേശയുടെ മുകളിലേക്ക് എടുത്ത് നിർത്തി. അതേ കാലടയാളം! കുറ്റം തെളിഞ്ഞു, ശിക്ഷയൊന്നും നൽകിയില്ല എന്നാണ് എന്റെ ഓർമ്മ.

കുട്ടിപ്പട്ടാളത്തിലെ പ്രമുഖ ഇയ്യാവു ആയിരുന്നു. ഞങ്ങളിൽ ഏറ്റവും കൂടുതൽ അമളി പറ്റിയിരുന്നതും അവൾക്ക്.തന്നെയായിരുന്നു. ഒരിക്കൽ പപ്പ എന്നോട് എലിഫെന്റിന്റെ സ്പെല്ലിംഗ് ചോദിച്ചു. ഉത്തരം കിട്ടാതെ ഞാൻ അന്തം വിട്ട് നിന്നപ്പോൾ ഇയ്യാവു ഓടി വന്ന് പറഞ്ഞു, "ഇക്കറിയാം.. ഞാൻ പറയാം", എനിക്ക് സങ്കടം തോന്നി, എനിക്കറിയില്ലല്ലോ! പപ്പയുടെ മറുപടിക്ക് കാത്ത് നിൽക്കാതെ അവൾ പറഞ്ഞു തുടങ്ങി, "m...e..." പപ്പ പൊട്ടിച്ചിരിച്ചു. ഞാനും ഇയ്യാവുവും കണ്ണും മിഴിച്ചു നിന്നു, ഒന്നും മനസ്സിലാകാതെ. അത്തരം ഒരുപാട് സംഭവങ്ങളുണ്ടായിട്ടുണ്ട്. ഒന്നാം ക്ലാസിലേക്ക് അവളെ ചേർക്കാൻ സ്കൂളിലെത്തിയപ്പോൾ ഉണ്ടായ ഒരു തമാശയുണ്ട്. എന്നെ ചേർത്തത് ആദ്യത്തെ ഡിവിഷനിലായിരുന്നു, അവളെ ചേർക്കാൻ നോക്കിയപ്പോൾ എന്നെ ചേർത്ത ഡിവിഷനിൽ സീറ്റൊഴിവൊന്നുമില്ല. അധ്യാപികയുടെയും മമ്മിടെയുടേയും സംഭാഷണം കേട്ട അവൾ വാശിപിടിച്ചു, "സീറ്റില്ലെങ്കിലും സാരല്ല, ഞാൻ നിലത്തിരുന്നോളാം.... ന്നാലും ഇക്ക് ഇവൾടെ ക്ലാസീ തന്നെ പഠിച്ചാ മതി." തുടർന്നൊരു കരച്ചിലും. അവളുടെ നെടുവീർപ്പ് കേട്ടുനിന്നവരിലൊക്കെ ചിരിയുണർത്തിയപ്പോൾ എനിക്കിത്തിരി ഗമയാണ് തോന്നിയത്... ഞാനൊരു സംഭവം തന്നെ!!

സ്കൂളിലേക്കുള്ള ഞങ്ങളുടെ സ്ഥിരം യാത്ര ഓട്ടോറിക്ഷയിലായിരുന്നു. അന്ന് ഇയ്യാവുവിന്റെ പിറന്നാളായിരുന്നു. സ്കൂളിൽ ചെന്നിറങ്ങിയപ്പോഴാണ് ഇയ്യാവുവിന് കാര്യം പിടി കിട്ടിയത്. അവൾ സ്കൂൾ ബേഗ് എടുത്തിട്ടില്ല! കൈയ്യിൽ ഭക്ഷണത്തിന്റെ കിറ്റ് മാത്രം. മമ്മിടെ ബേഗുമായി സ്കൂളിലെത്തി, കിറ്റി

ലേക്ക് നോക്കിയപ്പോഴാ മനസ്സിലായത്, ആവശ്യമുണ്ടായിരുന്ന സാധനം എടുക്കാൻ അവൾ മറന്നിട്ടില്ലായിരുന്നു. മിഠായിപ്പൊതി മമ്മിടെ വച്ചുകൊടുത്തത് കിറ്റിലായിരുന്നു, പിന്നെന്തിനാ ബേഗ്! അടുത്ത വിറ്റും നടന്നത് അന്ന് തന്നെയായിരുന്നു. പുത്തനുടുപ്പും അണിഞ്ഞ് ഇയ്യാവു എല്ലാവർക്കും മിഠായി വിതരണം ചെയ്തു. കൂട്ടത്തിൽ ബബ്ലുവിനും കൊടുത്തു. ബബ്ലുവിന് 'പത്ത് പൈസ' കുറവായിരുന്നൂട്ടോ. ഇതറിയാതെയാണ് മിഠായി വിതരണം. മിഠായി കിട്ടിയതിന്റെ സന്തോഷത്തിൽ ബബ്ലു ഇയ്യാവുവിന് ഒരു സമ്മാനവും കൊടുത്തു.. ഒരു 'സൂപ്പർ കിസ്സ്!' എല്ലാവരുടെയും ഇടയിൽ ചമ്മി നിന്ന അവളുടെ മുഖം ഇന്നും എന്റെയുള്ളിൽ ചിരിയുണർത്തുന്നു.

അന്ന് വീട്ടുകാരുടെ ഇടയിൽ എനിക്കൊരു ഇരട്ടപ്പേരുണ്ടായിരുന്നു, 'പാട്ടുപെട്ടി'. ഇന്നും ചിലർ എന്നെ ആ പേര് വിളിച്ച് കളിയാക്കാറുണ്ട്. പേരിന് പിന്നിൽ എന്റെ ഒരു സ്വഭാവ 'ഗുണ'മായിരുന്നു. ആരെങ്കിലും വെറുതെയൊന്ന് കണ്ണുരുട്ടേണ്ട താമസം, ഞാൻ കരച്ചിൽ തുടങ്ങും. കരയിപ്പിക്കാൻ പക്ഷെ, മുമ്പിലുണ്ടായിരുന്നത് ഇക്കാക്കയാണ്. ആരും കാണാതെ സൂത്രത്തിൽ ഇക്കാക്ക വന്ന് എന്നെ തോണ്ടും. തോണ്ടെന്ന് പറഞ്ഞാൽ, ഒരൊന്നൊന്നര തോണ്ടാട്ടോ.... തോണ്ട് കിട്ടേണ്ട താമസം ഞാൻ പാട്ടുപെട്ടി ഓൺ ചെയ്യും. പിന്നെ കുറച്ച് നേരത്തേക്ക് ആർക്കും ഒരു സ്വൈര്യവുമുണ്ടാവില്ല. എന്നെ കരയിക്കാനായി ഇക്കാക്കയിത് ഇടയ്ക്കിടക്ക് ചെയ്യുമായിരുന്നു. ഈ സ്വഭാവ'ഗുണം' കാരണം "പുലി വരുന്നേ.. പുലി വരുന്നേ..."ന്ന് വിളിച്ച് പറഞ്ഞ കുട്ടിയുടെ അവസ്ഥ ഉണ്ടായിട്ടുണ്ട്. വീടിന്റെ ഒരുഭാഗത്ത് പൊളിയാൻ തുടങ്ങിയ ഒരു ഷെഡ്ഢുണ്ടായിരുന്നു. ഒരിക്കൽ അതിനുള്ളിൽ കളിച്ചോണ്ടിരുന്നപ്പോൾ എന്റെ കൈയ്യിൽ ഒരു ആണി കയറി, പട്ടികയിൽ തുളച്ചു വെച്ചിരുന്ന തുരുമ്പ് കയറിയ ഒരു ആണി. ഞാനെങ്ങനെയൊക്കെ കരഞ്ഞിട്ടും ആരും എന്നെ വന്ന് നോക്കിയില്ല. അവസാനം ചപ്പുട്ടൻ കാര്യം കണ്ടുപിടിച്ചു. ഉമ്മയെയും മമ്മീടെയേയും ചെന്ന് കണ്ട് പറയുകയും ചെയ്തു. ചപ്പുട്ടൻ അന്നത് ചെയ്തില്ലായിരുന്നെങ്കിൽ എന്തായിരുന്നേനെ എന്റെ അവസ്ഥ, അന്നു ഞാൻ അനുഭവിച്ച വേദന..



ആലോചിക്കാൻ പോലും വയ്യ!!

അത് പറഞ്ഞപ്പോഴാണ് ഓർത്തത്, ചപ്പുട്ടൻ പപ്പയുടെ ഡിറ്റക്ടീവ് ആയിരുന്നു. ചാരപ്പണിയിൽ അവളെ വെല്ലാൻ ഞങ്ങൾക്കാർക്കും സാധിക്കുമായിരുന്നില്ല. പപ്പ വീട്ടിലില്ലാത്ത സമയത്ത് അവൾ ഞങ്ങളിൽ ഒരാളായി ഞങ്ങളുടെ കൂടെ ഉണ്ടാകും. എല്ലാ കുസൃതികളിലും പങ്ക് ചേരും. എല്ലാം ആസ്വദിക്കും. ആരും കാണാതെ ബേക്കറിയിൽ പോയി ഞങ്ങൾ മിഠായിയും കോളയും മറ്റും വാങ്ങിക്കൊണ്ട് വരുമായിരുന്നു. ഇതിന് നേതൃത്വം വഹിച്ചിരുന്നത് വല്യാത്തയും ഇക്കാക്കയുമായിരുന്നു. ഇതിന്റെയൊക്കെ ഒരു പങ്ക് ചപ്പുട്ടനും കൊടുക്കും. എന്നാൽ എന്നും വൈകീട്ട് പപ്പയെല്ലാം വെളിച്ചത്ത് കൊണ്ട് വരും. എല്ലാവർക്കും നിരത്തി വഴക്ക് കിട്ടുകയും ചെയ്യും. കുറച്ച് നാളുകൾക്ക് ശേഷമാണ് ഞങ്ങൾക്ക് കാര്യം പിടി കിട്ടിയത്, കുട്ടിപ്പട്ടാളത്തിന്റെ രഹസ്യങ്ങൾ ചോർത്തിയെടുത്ത് പപ്പയ്ക്ക് നൽകിയിരുന്നത് ചപ്പുട്ടനായിരുന്നു. കുറച്ച് ദിവസം ഞങ്ങളവളോട് ദേഷ്യപ്പെട്ട് നടന്നു. പ്രശ്നമായാലോന്ന് തോന്നിയപ്പോൾ അവൾ ആ ദൗത്യം ഉപേക്ഷിച്ചു. ചാരപ്പണി എന്നെന്നേക്കുമായി നിർത്തുകയും ചെയ്തു.

അന്ന് മതപഠനത്തിന് മദ്റസയിൽ പോകുന്ന പതിവില്ലായിരുന്നു. ഒരു ഉസ്താദ് എന്നും പുലർച്ചെ വീട്ടിലെത്തി ഓത്തും എഴുത്തുമൊക്കെ പഠിപ്പിക്കുമായിരുന്നു. ആ സമയത്ത് എഴുന്നേൽക്കുക എന്നത് ഒരു പണി തന്നെയായിരുന്നു, ഞങ്ങൾക്കും പിന്നെ ഞങ്ങളെ എഴുന്നേൽപ്പിക്കാൻ കഷ്ടപ്പെട്ടിരുന്ന മുതിർന്നവർക്കും. ക്ലാസിനിടയിൽ എന്റെ ഓരോ കുസൃതികളുമുണ്ടാവും. എന്നും ചായക്കപ്പ് ഉസ്താദ് ഇരുന്നിരുന്ന ഭാഗത്തേക്ക് ഞാൻ മറിക്കുമായിരുന്നു, ഒരു രസം! ക്ലാസിലിരിക്കാൻ ഏറ്റവും കൂടുതൽ മടി കാണിക്കാറ് ഇയ്യാവു ആയിരുന്നു. ഇയ്യാവു പക്ഷെ, ആരെയും ബുദ്ധിമുട്ടിക്കാറൊന്നുമില്ല. ക്ലാസ് തുടങ്ങി മിനുട്ടുകൾക്കകം "വേഗം വരാ"ന്നും പറഞ്ഞ് അവൾ മുങ്ങും. തിരിച്ചുവരവ് പക്ഷെ ഉസ്താദ് പോയെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമായിരിക്കും. ഇതിന്റെ പേരിൽ സ്ഥിരം വഴക്ക് കേൾക്കേണ്ടി വരുമായിരുന്നെങ്കിലും ആ 'നല്ല' ശീലം ഉപേക്ഷിക്കാൻ അവൾ തയ്യാറായിരുന്നില്ല.

> അന്ന് മതപഠനത്തിന് മദ്റസയിൽ പോകുന്ന പതിവില്ലായിരുന്നു. ഒരു ഉസ്താദ് എന്നും പുലർച്ചെ വീട്ടിലെത്തി ഓത്തും എഴുത്തുമൊക്കെ പഠിപ്പിക്കുമായിരുന്നു. ആ സമയത്ത് എഴുന്നേൽക്കുക എന്നത് ഒരു പണി തന്നെയായിരുന്നു, ഞങ്ങൾക്കും പിന്നെ ഞങ്ങളെ എഴുന്നേൽപ്പിക്കാൻ കഷ്ടപ്പെട്ടിരുന്ന മുതിർന്നവർക്കും.

രാവിലത്തെ മതപഠനവും പിന്നെ വൈകീട്ടത്തെ ട്യൂഷനുമായിരുന്നു എന്നെ ഏറ്റവുമധികം കുഴപ്പിച്ചിരുന്ന കാര്യങ്ങൾ. ഇക്കാക്കയും വല്യാത്തയും ട്യൂഷന് പോകുമ്പോൾ എനിക്ക് അസൂയ തോന്നുമായിരുന്നു. ഒടുക്കം എന്നെയും ട്യൂഷനുചേർത്തി, രണ്ട് മൂന്ന് ദിവസായപ്പോഴേക്കും എനിക്ക് മടുത്തു. ആയിടക്ക് ഒരു വിറ്റുണ്ടായി. കേട്ടെഴുത്തിന്റെ ഭാഗമായി ചില മലയാളം വാക്കുകൾ പത്ത് തവണ എഴുതി വരാൻ ട്യൂഷൻ ടീച്ചർ പറഞ്ഞു. പിറ്റേന്നത്തേക്ക് എല്ലാ വാക്കുകളും എഴുതിയ പുസ്തകം ഗമയിൽ ഞാൻ ടീച്ചർക്ക് കൊണ്ട് കൊടുത്തു. എഴുതി

യത് വായിക്കുന്നതിനിടയിൽ അവരെന്നെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു. ആദ്യം എനിക്ക് കാര്യം പിടി കിട്ടിയില്ല. പുസ്തകം മടക്കി കിട്ടിയപ്പോഴാണ് മനസ്സിലായത്, ഒരു വാക്കെഴുതിയപ്പോൾ ഒരക്ഷരം വിട്ടു പോയിരുന്നു. ഏതാണ് ആ വാക്കെന്ന് ഞാൻ എഴുതുന്നില്ല, അത് ശരിയാവില്ല. എങ്കിലും അന്ന് ഞാൻ ചമ്മിയ ചമ്മൽ... അയ്യേ!!

ചെറുപ്പത്തിൽ ഞാൻ കുറെ അപകടങ്ങൾക്കുള്ള സ്കോപ്പുണ്ടാക്കി വെച്ചിട്ടുണ്ട്. ഒരിക്കൽ ട്യൂഷൻ ക്ലാസിൽ നിന്ന് പിക്നിക്കിന് പോയതായിരുന്നു. പോയ സ്ഥലങ്ങളേതായിരുന്നുവെന്നൊന്നും ഓർമ്മയില്ല. ഒരു കടപ്പുറത്ത് പോയതോർക്കുന്നുണ്ട്. അവിടെ തിരമാലകളുമായി കളിച്ചോണ്ട് നിന്നപ്പോൾ എന്റെ തൂവാല വെള്ളത്തിൽ വീണു. തിരകൾക്കൊപ്പം തൂവാല കടലിലേക്ക് പോകുന്നത് കണ്ടപ്പോൾ അതെടുക്കാനായി ഞാൻ അതിന് പിന്നാലെ പോയി. പിന്നിൽ നിന്ന് ആരോ വന്ന് പിടിച്ചത് കൊണ്ട് അന്ന് ഞാൻ രക്ഷപ്പെട്ടു. അത്തരം ഒരു സംഭവം കൂടി ഉണ്ടായിട്ടുണ്ട്. വീട്ടിലെ കിണറ്റിൻവക്കത്ത് ഏറ്റവും പ്രിയപ്പെട്ട ഒരു പാവയേയും കൊണ്ട് ഞാൻ കളിച്ചോണ്ടിരിപ്പായിരുന്നു. പാവയെയും താലോലിച്ച് കിണറ്റിലേക്ക് നോക്കി നിൽക്കുന്നതിനിടയ്ക്ക് പാവ എന്റെ കൈയ്യിൽ നിന്ന് കിണറ്റിലേക്ക് വീണു. അതെടുക്കാനായി കിണറിനോട് ചേർത്ത് ചാരി വെച്ചിരുന്ന ഒരു മരക്കഷണത്തിന്മേൽ ചവിട്ടി നിന്ന് ഞാൻ കിണറ്റിലേക്ക് കൈയെത്തിച്ചു. പലകയുടെ മറ്റെ അറ്റം ഇളകിക്കളിക്കുന്നുണ്ടായിരുന്നു. തൊട്ടടുത്ത് ജോലി ചെയ്ത് കൊണ്ടിരുന്ന ആശാരിമാരിൽ ആരുടെയോ ശ്രദ്ധയിൽ പെട്ടിട്ടില്ലായിരുന്നെങ്കിൽ ഇന്ന് ഞാൻ ഉണ്ടാകുമായിരുന്നില്ല. പ്രിയപ്പെട്ട പാവയ്ക്ക് വേണ്ടി അന്ന് ഞാൻ എന്റെ ജീവൻ കളയേണ്ടതായിരുന്നു.

തറവാട്ടിലെ പെരുന്നാൾരാവുകളും പെരുന്നാൾ ദിനങ്ങളുമൊക്കെ ഉത്സവങ്ങളായിരുന്നു. മൂത്താപ്പമാർക്കും അമ്മായിമാർക്കും അവരുടെയൊക്കെ മക്കൾക്കും പേരക്കുട്ടികൾക്കുമെല്ലാം പിറന്നാൾ തറവാട്ടിലായിരുന്നു. ഒന്നിച്ചുള്ള പടക്കം



പൊട്ടിക്കലും മൈലാഞ്ചി ഇടലുമൊക്കെ പെരുന്നാൾരാവുകളുടെ മൊഞ്ച് കൂട്ടി. ഇന്ന് പാക്കറ്റുകളിലും കോണുകളിലുമായി മാർക്കറ്റിൽ വാങ്ങാൻ കിട്ടുന്ന മൈലാഞ്ചിയല്ല, അരച്ച മൈലാഞ്ചി. കൈകളിലും കാൽപാദങ്ങളിലുമെല്ലാം നിറയെ മൈലാഞ്ചിയിട്ട് കൈയ്യും കാലുമൊക്കെ നീട്ടിയുള്ള ഇരുത്തവും ഒക്കെ ഒരു രസമായിരുന്നു. അന്ന് ഉമ്മയും മമ്മിടെയുമൊക്കെ വാരിത്തരാറുണ്ടായിരുന്ന നെയ്ച്ചോറിന്റെ രുചി, ഹോ.. ഇന്നും വായിൽ വെള്ളം ഊറുന്നു. പെരുന്നാൾ ദിനങ്ങളിൽ വീട്ടിൽ ഒരു കല്യാണത്തിനുള്ള ആളും ആരവവുമുണ്ടാകും. പുതിയ വസ്ത്രങ്ങളണിഞ്ഞ് ഗമയിലുള്ള നടത്തവും, കളിയും, ചിരിയും, മൈലാഞ്ചിച്ചുവപ്പിനെ ചൊല്ലിയുള്ള തർക്കവും, ഒന്നിച്ചുള്ള ഉച്ച ഭക്ഷണവും, വൈകീട്ടത്തെ മത്സരങ്ങളും എല്ലാമായിരുന്നു പെരുന്നാൾ ദിനങ്ങളിലെ പ്രധാന പരിപാടികൾ. എന്നും പെരുന്നാളാവണേന്ന് പലപ്പോഴും ഞാൻ ആഗ്രഹിക്കാറുണ്ടായിരുന്നു. പെരുന്നാളിനെപ്പോലെ സൗന്ദര്യം ഏറെയുള്ള ഒരു വേള കൂടിയുണ്ട്- അവധിക്കാലങ്ങൾ. മുറ്റത്തെ മാവിൽ നിന്ന് ഇമ്മച്ചിയുടെ കണ്ണുവെട്ടിച്ച് മാങ്ങ പറിക്കലും, ആരും അറിയാതെ പുറത്ത് പോയി മിഠായിയും മറ്റും വാങ്ങിക്കൊണ്ട് വരലും, ഐസ്ക്രീം വാങ്ങി കഴിക്കലും, അപ്പൂപ്പൻതാടി പെറുക്കലുമൊക്കെയായിരുന്നു അവധിക്കാലത്തെ പ്രധാന പരിപാടികൾ. അടിപിടികൾക്ക് ഏറ്റവും കൂടുതൽ സ്കോപ്പ് ഉണ്ടായിരുന്നതും അവധിക്കാലങ്ങളിലായിരുന്നു. ആപീപ്പി എന്ന വില്ലത്തിയെ ഞങ്ങൾ തിരിച്ചറിഞ്ഞതും അത്തരം ഒരു സന്ദർഭത്തിലാണ്. വഴക്കുണ്ടാക്കിയതിന് ശേഷം ഞങ്ങളിൽ ആരെയെങ്കിലും തല്ലി, അതിനെ ചൊല്ലി അവള് തന്നെ കരയും. കേസുമായി ഉമ്മയെയും മമ്മിടെയേയും ഒക്കെ ചെന്ന് കാണും, അവസാനം 'പാവം' ഞങ്ങൾ കുറ്റക്കാരാകും. ഈ ആഘോഷങ്ങളൊന്നും അധിക കാലം തുടർന്നില്ല, ഞങ്ങളുടെയൊക്കെ സന്തോഷത്തിൽ ആരുടെയോ കണ്ണ് തട്ടി എന്ന് തോന്നുന്നു.


വാർദ്ധക്യ സഹജമായ രോഗങ്ങൾ കാരണമുണ്ടായ ഇമ്മച്ചിയുടെ മരണം എല്ലാം തകിടം മറിച്ചു. ഇമ്മച്ചിയുടെ മയ്യിത്ത് തറവാട്ടിലെ ഒരു മുറിയിൽ കിടത്തിയത് ഇന്നും ഞാൻ ഓർക്കുന്നു. കുട്ടിപ്പട്ടാളത്തിന് അന്ന് അതൊരു വിഷയമേ അല്ലായിരുന്നു. മരണദിവസം ഞങ്ങൾ വീട്ടിലെ മുകളിലത്തെ മുറിയിൽ കളിച്ചോണ്ടിരിക്കായിരുന്നു. മരണവും ജീവിതവും തമ്മിലുള്ള അകലം മനസ്സിലാക്കാൻ മാത്രമുള്ള പക്വത അന്ന് ഞങ്ങൾക്കില്ലായിരുന്നിരിക്കാം. കുട്ടിപ്പട്ടാളത്തിന് പക്ഷെ മരണമെന്നാൽ പേടിയായിരുന്നു. ഇമ്മച്ചിയുടെ മയ്യിത്ത് കുളിപ്പിക്കാൻ വെച്ചിരുന്ന ഓഫീസ് മുറിയിലേക്കും മറ്റും എനിക്ക് ഒറ്റയ്ക്ക് പോകാൻ പേടിയായിരുന്നു. എന്നാൽ ഇമ്മച്ചിയുടെ മുറിയിലേക്ക് പോകുമ്പോഴൊക്കെ അനുഭവിച്ചിരുന്നത് ഒരുതരം ശൂന്യതയായിരുന്നു. വർഷങ്ങളായി ഒരാളെ സ്ഥിരം കണ്ടിരുന്നിടത്ത് പെട്ടെന്ന് അയാൾ ഇല്ലാ

പെരുന്നാൾ ദിനങ്ങളിൽ വീട്ടിൽ ഒരു കല്യാണത്തിനുള്ള ആളും ആരവവുമുണ്ടാകും. പുതിയ വസ്ത്രങ്ങളണിഞ്ഞ് ഗമയിലുള്ള നടത്തവും, കളിയും, ചിരിയും, മൈലാഞ്ചിച്ചുവപ്പിനെ ചൊല്ലിയുള്ള തർക്കവും, ഒന്നിച്ചുള്ള ഉച്ച ഭക്ഷണവും, വൈകീട്ടത്തെ മത്സരങ്ങളും എല്ലാമായിരുന്നു പെരുന്നാൾ ദിനങ്ങളിലെ പ്രധാനപരിപാടികൾ.

തായാലുള്ള വേദന എനിക്കന്ന് മനസ്സിലായി. മിഠായിപ്പൊതിയും പിസ്തയുമൊക്കെ ഇമ്മച്ചി സൂക്ഷിച്ചിരുന്ന പാത്രങ്ങളും അവ വെച്ചിരുന്ന അലമാരയും കണുമ്പോൾ എനിക്ക് സങ്കടം വരുമായിരുന്നു.

ആ മരണത്തിന് ശേഷം എല്ലാവരും അവരവരുടെ ലോകങ്ങളിലേക്ക് ചുരുങ്ങി. പെരുന്നാരാവുകളുടെയും പെരുന്നാൾ ദിനങ്ങളുടെയും ഒക്കെ നിറം മങ്ങി. എല്ലാം മാറി. എല്ലാവരും ഭാഗം വെച്ച് പിരിഞ്ഞു. തറവാട്ടിലെ അന്തേവാസികളായ ഞങ്ങൾ .രണ്ട് കുടുംബങ്ങളും പുതിയ വീടുകൾ പണിത് താമസം മാറ്റി. കുട്ടിപ്പട്ടാളവും രണ്ടായി കീറിമുറിക്കപ്പെട്ടു. പുതിയൊരു വീടും അന്തരീക്ഷവുമൊക്കെ എന്നെ ഒരുപാട് ആഹ്ലാദിപ്പിച്ചിരുന്നു. എന്നാൽ വർഷങ്ങൾ ഓരോന്ന് കഴിയുന്തോറും നഷ്ടപ്പെട്ടതിനെകുറിച്ചുള്ള വേദന എന്നെ അലട്ടിക്കൊണ്ടിരിക്കുകയാണ്. കുട്ടിപ്പട്ടാളത്തിലെ അംഗങ്ങളൊക്കെ ഇന്ന് മുതിർന്നവരുടെ ലോകത്തേക്ക് ചുവട് വെച്ച് കൊണ്ടിരിക്കുകയാണ്. തറവാട് ഇന്നില്ല, അത് ഇന്ന് മറ്റാർക്കോ പ്രിയപ്പെട്ടതായി. അവിടെ നിന്ന് ഇറങ്ങിയതിന് ശേഷം രണ്ടോ മൂന്നോ തവണ മാത്രമേ ആ വീട് ഞാൻ കണ്ടിട്ടുള്ളൂ, ഏതൊക്കെയോ പെരുന്നാളുകൾക്ക് എല്ലാവരും അവിടെ കൂടിച്ചേർന്നപ്പോൾ. അപ്പോഴേക്കും ആ വീട് പക്ഷെ എനിക്ക് അപരിചിതമായിരുന്നു. ആരെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ലെന്നറിയാം. എങ്കിലും പലപ്പോഴും പപ്പയേയും ഉമ്മയേയും ഞാൻ കുറ്റപ്പെടുത്താറുണ്ട്, സ്വർഗ്ഗതുല്യമായിരുന്ന ആ വീട് വിട്ടു കൊടുത്തതിന്. പക്ഷെ, എനിക്കൊരു കാര്യം ഉറപ്പാണ്... ഇന്നും ആ വീടിന്റെ അകത്തളങ്ങൾക്ക് എന്റെ ബാല്യത്തിന്റെ സുഗന്ധമുണ്ടാകും, ആ വീട് നഷ്ടപ്പെട്ടതിലൂടെ എനിക്ക് നഷ്ടപ്പെട്ടത് എന്റെ ബാല്യമാണ്. നഷ്ടങ്ങളുടെ കണക്കെടുക്കുമ്പോൾ നേട്ടങ്ങളൊന്നും ഒന്നുമല്ല എന്ന് ഞാൻ തിരിച്ചറിയുന്നു. ഈ തിരിച്ചറിവ് തന്നെയാണ് ഒരുവിധത്തിൽ ഏറ്റവും വലിയ ശാപം.. ഒരിക്കലും മോക്ഷം കിട്ടാത്ത ശാപം!!!

സബീന. കെ രണ്ടാം വർഷ ഗണിത ശാസ്ത്രം



# മാധ്യമധർമ്മം ഇങ്ങനെയോ?

പത്രമെന്നാൽ ജനങ്ങളുടെ കണ്ണാടിയാണെന്ന് നമ്മൾ ഇന്ത്യക്കാരെ ബോധ്യപ്പെടുത്തിയത് 1818–ൽ കൽക്കത്ത ക്രോണിക്ക്ൾ എന്ന പത്രത്തിന്റെ പത്രാധിപരായി കൽക്കത്തയിലെത്തിയ ജെയിംസ് ബക്കിങ്ങാം എന്ന ബ്രിട്ടീഷുകാരനാണ്. "പരമാധികാരം കൈയാളുന്ന ശക്തിയുടെ അവിഭാജ്യമായ തിൻമകളെ ചെറുക്കുന്നതിനുള്ള എല്ലാ മാർഗ്ഗങ്ങളിലും പരമപ്രധാനമായത് സ്വതന്ത്രമായ പത്രങ്ങൾ തന്നെയാണ്" എന്ന് തന്റെ പത്രത്തിലൂടെ തുറന്നെഴുതിയ അദ്ദേഹം ഇന്ത്യയിലെ പത്രങ്ങളുടെ നിലനിൽപ്പിന് വേണ്ടി മാത്രമല്ല, ജനങ്ങളുടെ അഭിപ്രായം തുറന്ന് പറയുന്നതിനുള്ള പത്ര സ്വാതന്ത്ര്യത്തിനു വേണ്ടി കൂടി വീറോടെ വാദിച്ചിരുന്നു. പല ബ്രിട്ടീഷ് ഉന്നതരുടെയും തെറ്റായ നടപടികൾക്കെതിരെ എഴുതിയ അദ്ദേഹം അതിന്റെ പേരിൽ പല പീഢനങ്ങൾക്കും വിധേയനായി. ഈ പോരാട്ടത്തിന്റെ ഫലമായി

> "പരമാധികാരം കൈയാളുന്ന ശക്തിയുടെ അവിഭാജ്യമായ തിൻമകളെ ചെറുക്കുന്നതിനുള്ള എല്ലാ മാർഗ്ഗങ്ങളിലും പരമപ്രധാനമായത് സ്വതന്ത്രമായ പത്രങ്ങൾ തന്നെയാണ്"

അഞ്ചു വർഷത്തിനുള്ളിൽ നാടു കടത്തപ്പെടാനായിരുന്നു ബക്കിങ്ങാമിന്റെ വിധി.

പത്രപ്രവർത്തകരുടെ ധർമ്മം എന്തായിരിക്കണമെന്നും പത്രപ്രവർത്തനം എങ്ങനെയായിരിക്കണമെന്നും ബക്കിങ്ങാം കാണിച്ച് തന്നു. അതിനാൽ തന്നെയാവണം ജവഹർലാൽ നെഹ്റു 'ഇന്ത്യയിലെ പത്രസ്വാതന്ത്ര്യത്തിന്റെ ആദ്യകാല പോരാളി' എന്ന് അദ്ദേഹത്തെ വിശേഷിപ്പിച്ചതും.

ഇന്ത്യയിലെ പത്രപ്രവർത്തകർക്ക് മാതൃകയായിരുന്നു ബക്കിങ്ങാം. അദ്ദേഹത്തിന് ശേഷവും ഇന്ത്യൻ പത്ര മേഖല നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും സമത്വത്തിനും സാഹോദര്യത്തിനും വേണ്ടിയെല്ലാം രാപ്പകലില്ലാതെ അധ്വാനിച്ചിരുന്നു. ജനാധിപത്യ രാഷ്ട്രങ്ങളായ ഫ്രാൻസും ബ്രിട്ടനും അമേരിക്കയുമെല്ലാം ആദ്യത്തെ അരനൂറ്റാണ്ടിനിടെ തന്നെ ജനാധിപത്യരാഷ്ട്രങ്ങളായ ഫ്രാൻസും ബ്രിട്ടനും അമേരിക്കയുമെല്ലാം ആദ്യത്തെ അരനൂറ്റാണ്ടിനിടെ തന്നെ ജനാധിപത്യത്തിൽ നിന്നും വഴുതി മാറി ഏകാധിപത്യത്തിന്റെയും കൊളോണിയലിസത്തിന്റെയും ആഭ്യന്തര യുദ്ധങ്ങളുടെയും പിടിയിലകപ്പെട്ടപ്പോഴും യാതൊരു തകർച്ചയും കൂടാതെ നമ്മുടെ ശക്തമായ ഭരണസംവിധാനം നിലനിന്നതിന് പത്രങ്ങൾ തന്നെയാണ് ഏറിയ പങ്ക് ആദരവും അർഹിക്കുന്നത്. ഭരണം നഷ്ടപ്പെടുമെന്നുറപ്പായപ്പോൾ ഇവിടുത്തെ ഒരു ഭരണാധികാരിയും ഏഷ്യനാഫ്രിക്കൻ രാഷ്ട്രങ്ങളിലേതുപോലെ പട്ടാളത്തിന്റെ സഹായത്തോടെയുള്ള ഏകാധിപത്യ ഭരണത്തിന് തുനിഞ്ഞില്ല. ഇതിന് കാരണം, ഇന്ത്യൻ ജനതക്ക് ജനാധിപത്യത്തിലുള്ള അടിയുറച്ച വിശ്വാസത്തെ കുറിച്ച് പത്രങ്ങൾ സൃഷ്ടിച്ച അവബോധമാണ്. എന്നാൽ, 1975ൽ ഇന്ദിരാഗാന്ധി പട്ടാളത്തിന്റെ പരോക്ഷ പിന്തുണയോടെ നടത്തിയ ശ്രമവും അന്ന് മുട്ടിലിഴഞ്ഞ പത്രമുടമകളുടെ പ്രവർത്തനവും ഇതിനൊരപവാദമാണ്. എങ്കിലും, അത് പത്രങ്ങളുടെ വലിയൊരു വീഴ്ചയായിരുന്നു എന്ന് പറഞ്ഞു കൂടാ. ഇന്ദിരാഗാന്ധിക്കുള്ള മറുപടി രണ്ടു വർഷത്തിന് ശേഷം ജനങ്ങൾ കൊടുക്കുകയുണ്ടായല്ലോ.

സ്വാതന്ത്ര്യത്തിന്റെ 60-തിലധികം വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞിട്ടും അതിന്റെ ഗുണഫലങ്ങൾ സാധാരണ ജനങ്ങൾക്കിടയിലെത്തിക്കാൻ സാധിച്ചിട്ടില്ലെങ്കിലും ജനാധിപത്യത്തെ കുറിച്ച് ശക്തമായ ബോധവും രാഷ്ട്രത്തിന്റെ ഐക്യത്തിന്റെയും ഭദ്രതയുടെയും പ്രാധാന്യവും അവരിലെത്തിക്കാൻ പത്രങ്ങൾ വഹിച്ച പങ്ക് ചെറുതല്ല. സാമൂഹിക പരിഷ്കാരങ്ങൾ, പൗരാവകാശങ്ങൾ, ദരിദ്ര ജനതയുടെ ചൂഷണത്തിനെതിരായ നീക്കങ്ങൾ തുടങ്ങി പല കാര്യങ്ങളിലും പത്രങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്.

സ്വാതന്ത്ര്യത്തിന്റെ 60-തിലധികം വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞിട്ടും അതിന്റെ ഗുണഫലങ്ങൾ സാധാരണ ജനങ്ങൾക്കിടയിലെത്തിക്കാൻ സാധിച്ചിട്ടില്ലെങ്കിലും ജനാധിപത്യത്തെ കുറിച്ച് ശക്തമായ ബോധവും രാഷ്ട്രത്തിന്റെ ഐക്യത്തിന്റെയും ഭദ്രതയുടെയും പ്രാധാന്യവും അവരിലെത്തിക്കാൻ പത്രങ്ങൾ വഹിച്ച പങ്ക് ചെറുതല്ല.

സ്വതന്ത്ര പത്രപ്രവർത്തനത്തിൽ മുന്നിട്ട് നിൽക്കുന്ന ഏതൊരു രാജ്യത്തോടുമൊപ്പം ഇന്ന് ഇന്ത്യയും എത്തി നിൽക്കുന്നു എന്നത് അഭിമാനകരമായ ഒരു വസ്തുതയാണ്. മറ്റേതൊരു രംഗത്തും സംഭവിച്ച പോലെ പത്രവ്യവസായ രംഗത്തും സംഭവിച്ചിരിക്കുന്ന സാങ്കേതിക വിപ്ലവം ഇന്ന്

വലിയൊരു മാറ്റമാണ് സൃഷ്ടിച്ചിരിക്കുന്നത്.

എന്നാൽ ഇന്ന് സാങ്കേതിക വിദ്യയുടെ വളർച്ച പത്രത്തിന്റെ രൂപഭാവങ്ങളിൽ മാത്രമല്ല മാറ്റം വരുത്തിയിരിക്കുന്നത്. മറിച്ച്, പത്ര വൈവിധ്യത്തിലും വിപണന-പ്രചാര മേഖലകളിലും ഇതിന്റെ സ്വാധീനം നന്നായി കാണാം. സാങ്കേതിക വിപ്ലവം ഉൾക്കൊള്ളാത്ത ഒരു പത്രത്തിനും ഇന്നു നിലനിൽപ്പില്ല. ഇതിന്റെയൊക്കെ ഫലമായി പത്രപ്രവർത്തനത്തിന് കോടിക്കണക്കിന് രൂപ ആവശ്യമായിത്തീരുകയും ഇതു കാരണം മാധ്യമ മേഖലയിൽ വമ്പിച്ച മുതൽ മുടക്ക് അനിവാര്യമായിത്തീരുകയും ചെയ്തിരിക്കുന്നു. പത്ര നടത്തിപ്പുകാരെ നിക്ഷിപ്ത താൽപര്യങ്ങളുടെ സംരക്ഷകരാക്കി മാറ്റിയ ഇത്തരം സാഹചര്യങ്ങളുടെ തുടർച്ചയായാണ് വൻകിട വ്യവസായികൾ ഈ മേഖലയിലേക്ക് കടന്ന് വരാൻ തുടങ്ങിയത്. ഇന്ന് ആഴ്ചയിലൊന്നെന്ന നിരക്കിൽ ഇന്ത്യയിൽ ചാനലുകൾ പിറവിയെടുക്കുന്നതും ഇതിന്റെയൊക്കെ ബാക്കി പത്രമാണ്.

വ്യവസായ പ്രമുഖർ മാത്രമല്ല, മത-രാഷ്ട്രീയ സംഘടനകളും, പത്രങ്ങൾക്കും ചാനലുകൾക്കും പിന്നിൽ നിന്ന് ചരടുവലിക്കുന്നു. ഇതോടെ പരസ്പരം ചളി വാരിയെറിയുന്ന ദുർബ്ബല രാഷ്ട്രീയത്തിന്റെ മറ്റൊരു പതിപ്പായി മാധ്യമമേഖലയും നിലം പതിച്ചിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, സാങ്കേതിക വിപ്ലവത്തിന്റെ ബലിയാടായി പത്രസ്വാതന്ത്ര്യം മാറിയിരിക്കുന്നിടത്തെത്തിയിരിക്കുന്നു ഇന്നത്തെ അവസ്ഥ.

'അമിതമായാൽ പത്രസ്വാതന്ത്ര്യവും വിഷം' എന്ന് പറയേണ്ട അവസ്ഥയാണി



ന്ന്. മാധ്യമങ്ങളുടെ സ്വാതന്ത്ര്യം പരിധി വിട്ട്, എവിടെയും കയറിച്ചെല്ലാമെന്നും എന്തും ഒപ്പിയെടുക്കാമെന്നും മാത്രമല്ല, വായിൽ തോന്നിയതെല്ലാം വിളിച്ചു പറയാം എന്ന സ്ഥിതിയിലും എത്തി നിൽക്കുന്നു. ഒരിക്കൽ ഇന്ത്യയുടെ വളർച്ചയ്ക്ക് നിദാനമായ ഈ മേഖല, ഒരു ശാപമെന്നോണം ഇന്ത്യയുടെ കഴുത്തിനു മുറുകെ പിടിച്ചിരിക്കുന്നു. വർഗ്ഗീയതയും തീവ്രവാദവും കൊലയും കൊള്ളിവെപ്പുമെല്ലാം മാറാവ്യാധി പോലെ പടർത്താനാണ് മിക്ക മാധ്യമങ്ങളുടെയും ശ്രമമെന്ന് തോന്നിപ്പോകും വിധത്തിലാണ് കാര്യങ്ങൾ.

ഒരേ വാർത്ത തന്നെ പല പത്രങ്ങളിൽ പല വിധത്തിൽ മുൻധാരണകൾക്കും പത്രമുടമകളുടെ അഭിപ്രായങ്ങൾക്കും അനുസൃതമായി വളച്ചൊടിച്ചും വക്രീകരിച്ചും മാധ്യമപ്രവർത്തകർ തങ്ങളുടെ വില കളഞ്ഞിരിക്കുകയാണിന്ന്. വൻകിട കോർപ്പറേറ്റുകളുടെ പരസ്യപ്പണ്ടങ്ങളായി അവർ മാറുന്നു. ഇന്ത്യയിലെ മുഖ്യധാരാ മാധ്യമങ്ങളായ സി.എൻ.എൻ, സി.എൻ.ബി.സി., എം.എസ്.എൻ.ബി.സി. തുടങ്ങിയവയെല്ലാം ഇതിനുദാഹരണമാണ്. ഇവയെല്ലാം തന്നെ വൻകിട സാമ്രാജ്യത്വ കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിലുള്ള ചാനലുകളാണ്. സ്വന്തം താൽപര്യങ്ങൾക്കായി മാധ്യമ സ്ഥാപനങ്ങൾ നടത്തുന്ന, ഈ ആയുധപ്പുരയുടെ നടത്തിപ്പുകാർക്കാവശ്യം സംഘർഷഭരിതമായ ലോകമാണ്. അതിന് വേണ്ടി വൻ നുണകൾ തട്ടിവിടുന്ന കേന്ദ്രങ്ങളാക്കി അവർ മാധ്യമങ്ങളെ മാറ്റുന്നു. മാധ്യമപ്രവർത്തകനും തെഹൽകയുടെ എഡിറ്ററുമായ അജിത് സാഹി പറയുന്നത് നോക്കുക;

"മാധ്യമലോകത്തെ ഇത്ര കാലത്തെ അനുഭവം വെച്ച് ഒന്നു മനസ്സിലായി. അവിടെ ഇംഗ്ലീഷും ഹിന്ദിയും വേണ്ട. എന്നല്ല, വാർത്തയും വേണ്ട."

പത്രമാവട്ടെ, ചാനലാവട്ടെ രണ്ടിടത്തും മാധ്യമ പ്രവർത്തനം ഒരു വിനോദ വ്യവസായ ശാഖയായി മാറിയിരിക്കുന്നു. സമൂഹം മാധ്യമങ്ങളെ ഉൾക്കൊള്ളുന്നതിലുള്ള മാർക്കറ്റിംഗ് വീക്ഷണ കോൺ വാർത്തയെ കൂടി ബാധിച്ചതോടെ, വാർത്തയും വിനോദമായി. പണത്തിന്റെ വരവ് കൂടുതലായ ഈ മേഖലയിൽ മാധ്യമപ്രവർത്തകർ എത്തിപ്പെട്ടപ്പോൾ ജനതാൽപര്യം അവരിൽ നിന്നും മറഞ്ഞു. ഇന്ന് ഒന്നുമല്ലാത്ത സംഭവങ്ങൾ പോലും വലിയ കാര്യങ്ങളായി അവതരിപ്പിക്കപ്പെടുന്നു. 24 മണിക്കൂർ വാർത്താ ചാനലുകൾ ചെറിയ കാര്യങ്ങൾ വലുതാക്കി കാണിക്കുന്നു. ഗോസിപ്പുകളും അർധസത്യങ്ങളും കൊട്ടിഘോഷിക്കപ്പെടുന്നു. സ്ഫോടനങ്ങളും ഭീകരാമക്രമണങ്ങളും ചർച്ച ചെയ്ത് ഊതി വീർപ്പിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നു. നിരപരാധികളെ അപരാധികളായി മുദ്ര കുത്തുന്നു. (പാർലമെന്റ് കേസിൽ കോടതി വെറുതെ വിട്ട എസ്.എ.ആർ ഗീലാനി ഒരുദാഹരണം മാത്രം). പോലീസും അന്വേഷണ ഏജൻസികളുമൊക്കെ പറയുന്നത് അവർ തൊണ്ട തൊടാതെ വിഴുങ്ങുന്നു. കേട്ടത് അപ്പടി പകർത്തി അതിന് പൊടിപ്പും

> 24 മണിക്കൂർ വാർത്താ ചാനലുകൾ ചെറിയ കാര്യങ്ങൾ വലുതാക്കി കാണിക്കുന്നു. ഗോസിപ്പുകളും അർധസത്യങ്ങളും കൊട്ടിഘോഷിക്കപ്പെടുന്നു. സ്ഫോടനങ്ങളും ഭീകരാക്രമണങ്ങളും ചർച്ച ചെയ്ത് ഊതി വീർപ്പിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നു.

തൊങ്ങലും വെച്ച് ദൃശ്യവൽക്കരണം നടത്തുന്നു.

ചൂടുള്ള വാർത്ത എന്ന പ്രവണതയിൽ നിന്നുണ്ടായ ഇത്തരം പ്രവർത്തനങ്ങൾ പലതും മുൻകാലങ്ങളിൽ മാധ്യമങ്ങൾക്കും മാധ്യമപ്രവർത്തകർക്കും ഉണ്ടായിരുന്ന വിശ്വാസ്യതയും മൂല്യവും നഷ്ടപ്പെടുത്താൻ ഇടയാക്കി. വാർത്തകളിലൂടെ അറിവു നൽകി ജനത്തെ ബോധവാന്മാരാക്കുകയല്ല, മറിച്ച് രസം പകർന്ന് ജനത്തെ യാഥാർത്ഥ്യത്തിൽ നിന്ന് ഒളിച്ചോടാൻ പ്രേരിപ്പിക്കുകയാണ് ഇവർ ചെയ്യുന്നത്. സാമൂഹിക ഉത്തരവാദിത്തമില്ലാത്തവരാണ് ഇന്ന് മാധ്യമ ബിസിനസിൽ ഏർപ്പെടുന്നതെന്ന്തോന്നിപ്പിക്കും വിധത്തിലാണ് കാര്യങ്ങൾ. മാധ്യമ പ്രവർത്തകരോട് ജനങ്ങൾക്ക് മുമ്പുണ്ടായിരുന്ന ബഹുമാനം ഇന്ന് നഷ്ടപ്പെട്ടുവെന്ന് പറയുന്നതിലും അത്ഭുതമില്ല.

ഈയടുത്തിടെ കേരളത്തിലുണ്ടായ ചില സംഭവങ്ങളും അതോടനുബന്ധിച്ച് ചില മാധ്യമങ്ങളിൽ നിന്നും പുറത്ത് വന്ന വാർത്തകളും ഓർത്തു പോവുന്നു. ക്ലസ്റ്റർ മീറ്റിംഗിനിടെ 'ജെയിംസ് അഗസ്റ്റിൻ' എന്ന അധ്യാപകന്റെ സ്വാഭാവിക മരണത്തെ സംബന്ധിച്ച് ഒരു ചാനൽ പുറത്തുവിട്ട വാർത്ത അധ്യാപകനെ സംഘർഷക്കാർ തല്ലിക്കൊന്നുവെന്നായിരുന്നു. ഇതേ വാർത്ത മാറ്റൊരു ചാനലിൽ വന്നത് മറ്റൊരു തരത്തിലും. തെറ്റാരുടെ ഭാഗത്തായാലും ഓരോ ചാനലും സ്വന്തം ഭാഗത്തെ ന്യായീകരിക്കുകയും അതിനനുസരിച്ച് വാർത്തകൾ പടച്ചു വിടുകയുമാണ് ചെയ്യുന്നത്. മാധ്യമ മേഖലയിലേക്കുള്ള രാഷ്ട്രീയത്തിന്റെ കടന്നുകയറ്റം ആ മേഖലയെ അങ്ങേയറ്റം വൃത്തികെട്ടതാക്കി മാറ്റിയിരിക്കുന്നു.

മാധ്യമപ്രവർത്തകർക്ക് പ്രത്യയ ശാസ്ത്രപരമായ ചായ്‌വുകൾ വേണ്ടെന്നോ അവർ എല്ലായ്പ്പോഴും നിലപാട്രഹിതരാവണമെന്നോ അല്ല ഇതിനർത്ഥം. ഇത് സ്വതന്ത്ര മാധ്യമ പ്രവർത്തനത്തെ കുറിച്ച് മാധ്യമപ്രവർത്തകനെടുക്കുന്ന നിലപാട് പൊതുതാൽപര്യത്തെ സാധൂകരിക്കുന്നതാവണം. സമ്മർദ്ദങ്ങൾക്ക് വഴങ്ങാതെ ജനകീയ താൽപര്യത്തിനൊപ്പം നിൽക്കാൻ മാധ്യമപ്രവർത്തകന് കഴിയണം. സമ്മർദ്ദത്തിന് വഴങ്ങി നിലപാട് അടിയറ വെക്കുമ്പോൾ മാധ്യമപ്രവർത്തനം ദുഷിക്കുന്നു. ഇന്ന് കൂടുതൽ പേരും സമ്മർദ്ദങ്ങൾക്ക് വഴങ്ങുന്നു എന്നതാണ് അപകടകരം.

> ക്ലസ്റ്റർ മീറ്റിംഗിനിടെ 'ജെയിംസ് അഗസ്റ്റിൻ' എന്ന അധ്യാപകന്റെ സ്വാഭാവിക മരണത്തെ സംബന്ധിച്ച് ഒരു ചാനൽ പുറത്തുവിട്ട വാർത്ത അധ്യാപകനെ സംഘർഷക്കാർ തല്ലിക്കൊന്നുവെന്നായിരുന്നു.


മാധ്യമ മേഖലയുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഏറ്റവുമധികം ഉയർന്ന് കേൾക്കാറുള്ള വാക്കാണ് 'സെൻസേഷനലിസം'. ഇത് പലപ്പോഴും യുക്തിക്കും മനുഷ്യത്വത്തിനും വഴിമാറിക്കൊടുക്കുന്നു, താരജോടികളുടെ വിവാഹത്തിന് പിന്നാലെ ഓടുന്ന ചാനലുകളെ നമുക്ക് കണ്ടില്ലെന്ന് നടിക്കാം. എന്നാൽ പത്മ തീർത്ഥ കുളത്തിൽ കുളിച്ചു കൊണ്ടിരിക്കുന്ന ഭ്രാന്തനെഅതേ കുളത്തിൽ കുളിക്കുന്ന ഭ്രാന്തൻ മുക്കിക്കൊന്നപ്പോൾ അതിനെആഘോഷിച്ച മീഡിയയെ നമുക്ക് കണ്ടില്ലെന്ന് നടിക്കാമോ? മലയാളി

ഏറെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്ത എം.എൻ. വിജയൻ മാഷിന്റെ മരണം ചാനലുകൾ ആഘോഷമാക്കിയത് നമുക്ക് മറക്കാമോ? ഇങ്ങനെകൊലപാതകങ്ങളും ബലാൽസംഗങ്ങളും ദൃശ്യവിസ്മയമാവുമ്പോൾ അവിടെ ഇടപെട്ട് അതിനെതടുക്കേണ്ട മീഡിയ അത് ഒപ്പിയെടുത്ത് സംപ്രേഷണം ചെയ്യാനുള്ള മത്സരത്തിലാണ്. ദാരുണ മരണങ്ങളുടെയും ആവർത്തിച്ചാവർത്തിച്ചുള്ള ദൃശ്യങ്ങൾ സ്ക്രീനിൽ കാണിച്ച് മീഡിയ ആഘോഷിക്കുമ്പോൾ മരണപ്പെട്ടവരുടെ ബന്ധുമിത്രാദികളുടെ വികാരം കണക്കിലെടുക്കപ്പെടുന്നില്ല.

'സെൻസേഷനലിസ'ത്തിന്റെ പിന്നാലെയുള്ള ഓട്ടം മാധ്യമപ്രവർത്തകരുടെ വില കളഞ്ഞു. ഒരു പ്രൊഫസറും വിദ്യാർത്ഥിയും തമ്മിലുള്ള കഥ വൈകുന്നേരം വരെ തുടർച്ചയായി കാണിച്ച ചാനലുകൾ നമ്മുടെ ഇന്ത്യയിലുണ്ട്. അവിടുത്തെ ലക്ഷക്കണക്കിന് കൂരകൾ വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയ സന്ദർഭത്തിലാണ് ഈ വാർത്ത വന്നത്. 'സെക്സി' വാർത്തകൾക്ക് പിന്നാലെയാണ് ഇന്ന് മാധ്യമപ്രവർത്തകരുടെ ഓട്ടം. രാജ്ദീപ് സർദേശായിയുടെ പറഞ്ഞതുപോലെ CRICKET, CINEMA, CRIME എന്നീ മൂന്ന് 'C'കൾക്ക് പാഞ്ഞപ്പോൾ മാധ്യമങ്ങൾക്ക് നഷ്ടമായത് CLARITY, CREDIBILTY എന്നീ മറ്റു രണ്ട് 'C'കളാണ്.

മാധ്യമങ്ങളിലെ പ്രത്യേകിച്ചും ദൃശ്യമാധ്യമങ്ങളിലെ പരസ്യങ്ങൾ സ്ത്രീ വിരുദ്ധമാണ്. പരമ്പരാഗതകലാരൂപങ്ങൾക്ക് പകരം വിനോദഭാവുകത്വം രൂപം കൊണ്ടിരിക്കുന്നു. റിയാലിറ്റിഷോകൾ അർത്ഥശൂന്യമായ മത്സരങ്ങളുടേയും അസംബന്ധമായ മൂല്യനിർണയങ്ങളുടെയും ലഹരിയിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്നു. സാമ്രാജ്യത്വത്തിന്റെ വിപണിമൂല്യങ്ങൾക്ക് മലയാളിയെ പണയപ്പെടുത്തുക എന്ന അജണ്ട ഏറ്റെടുത്ത് പ്രവർത്തിക്കുകയാണ് ചാനലുകൾ.

മൂന്ന് സ്വകാര്യ ചാനലുകൾക്കു മുന്നിലാണ് ഗുജറാത്ത് കൂട്ടക്കൊലകൾ അരങ്ങേറിയത്. ഈ കൂട്ടക്കൊലക്കും വംശഹത്യക്കും ശേഷവും നരേന്ദ്രമോഡി ഇന്ത്യയിലെ ഏറ്റവും മികച്ച ഭരണകർത്താവായി തെരഞ്ഞെടുക്കപ്പെട്ടതും ഇതേ മാധ്യമങ്ങളാൽ തന്നെ. തങ്ങളുടെ ലൈവ് കവറേജ് വഴി ഗുജറാത്തിലെ വർഗ്ഗീയ



സംഘർഷങ്ങളിൽ എണ്ണ പകരുകയായിരുന്നു അന്നത്തെ ചാനലുകൾ ചെയ്തത്. ജനങ്ങൾക്കിടയിൽ ഭീകരതയെക്കുറിച്ച് ഭീതി വളർത്തുകയും ഒരു മത വിഭാഗത്തെ സംശയനിഴലിൽ നിർത്താനുമുള്ള ബോധപൂർവ്വമുള്ള ശ്രമങ്ങൾ പല മാധ്യമങ്ങളുടെ ഭാഗത്ത് നിന്നും ഉണ്ടാവുന്നു. ഭീകര വിരുദ്ധ യുദ്ധമെന്ന അമേരിക്കൻ അജണ്ടയിലെ അഞ്ചാം പത്തികളായി വർത്തിക്കുന്ന ആഗോള മാധ്യമങ്ങളുടെ സാംസ്കാരിക സംഭാവനകൾ സ്വായത്തമാക്കിയതിന്റെ ആപൽ സൂചനകളാണ് നമ്മുടെ ദൃശ്യ സാംസ്കാരിക രംഗത്ത് നിന്നും ലഭിച്ച് കൊണ്ടിരിക്കുന്നത്. കൂട്ടം തെറ്റി മേയുന്ന ചെറുപ്പക്കാരെ റാഞ്ചാൻ ശ്രമിക്കുന്നവർക്കെതിരെ മാത്രം പോരാ, മാധ്യമങ്ങൾക്കെതിരെയും നാം ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

വരും നൂറ്റാണ്ടിലെ യുദ്ധം കാർഷിക മേഖലയിലോ വ്യവസായ മേഖലയിലോ ആയിരിക്കില്ല, മറിച്ച് മുഖ്യമായും വാർത്താ മാധ്യമ രംഗത്തായിരിക്കും എന്നാണ് പ്രമുഖ ചിന്തകന്മാരുടെ നിഗമനം. വാർത്തകൾ കണ്ടെത്തുന്നതിലുള്ള മത്സരം പോലെ അത് പ്രചരിപ്പിക്കുന്നതിനുള്ള മത്സരവും ശക്തമാണിപ്പോൾ. ഇത് അനാരോഗ്യകരമായ തലങ്ങളിലെത്തുമ്പോൾ വാർത്തകൾ സൃഷ്ടിക്കാനാണ് സാമ്രാജ്യത്വ ശക്തികൾ ശ്രമിക്കുക.

സമൂഹത്തെ ഉണർത്താനും ഭരണപൊതുരംഗത്തുള്ളവരെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കാനും സമൂഹത്തിൽ കഷ്ടപ്പെട്ടുകൊണ്ടേയിരിക്കേണ്ട മാധ്യമ പ്രവർത്തകർ പലരും ഇന്ന് താൻ ജീവിക്കുന്ന സമൂഹത്തോടോ തന്നോട് തന്നെയോ ഉത്തരവാദിതത്തമില്ലാത്തവരായി മാറിയിരിക്കുന്നു. കോപ്പികളുടെ എണ്ണം കൂട്ടാൻ പത്രങ്ങളും ടൈംറേറ്റിംഗിൽ മുന്നിലെത്താൻ ചാനലുകളും മത്സരിക്കുമ്പോൾ വിശ്വാസ്യത നഷ്ടപ്പെടുന്നു. വ്യാജ ബോംബ് ഭീഷണികളുടെ വാർത്തകൾ പുറത്ത് കൊണ്ട് വരുമ്പോൾ പോലും ചാനലുകൾ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നു. മാറാട് പ്രത്യേക ജഡ്ജിക്ക് കിട്ടിയ ഭീഷണിക്കത്തിന് കാശ്മീരിൽ നാല് യുവാക്കൾ കൊല്ലപ്പെട്ട സാഹചര്യത്തിൽ വാർത്താ മൂല്യമേറുമെന്ന് പറയുന്ന മാധ്യമ പ്രവർത്തകന്, അതിന് ബ്രേക്കിംഗ് ന്യൂസ് നൽകുന്ന ചാനലുകൾ ബോധപൂർവ്വമോ അല്ലാതെയോ മറ്റെന്തോ താൽപര്യവും കാട്ടുന്നുണ്ടെന്ന് സംശയിക്കാതിരുന്നുകൂടാ.

കോപ്പികളുടെ എണ്ണം കൂട്ടാൻ പത്രങ്ങളും ടൈംറേറ്റിംഗിൽ മുന്നിലെത്താൻ ചാനലുകളും മത്സരിക്കുമ്പോൾ വിശ്വാസ്യത നഷ്ടപ്പെടുന്നു. വ്യാജ ബോംബ് ഭീഷണികളുടെ വാർത്തകൾ പുറത്ത് കൊണ്ട് വരുമ്പോൾ പോലും ചാനലുകൾ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നു.

എല്ലാ മാധ്യമപ്രവർത്തകനും മൂല്യബോധമില്ലാത്തവരാണെന്നോ എല്ലാ മാധ്യമങ്ങളും മാധ്യമധർമ്മം നിർവ്വഹിക്കുന്നതിൽ തോറ്റു പോവുന്നുണ്ടെന്നോ പറഞ്ഞുകൂടാ. എങ്കിലും, ഒരു തുള്ളി വിഷം വീണാൽ ഗ്ലാസിലെ പാൽ മുഴുവനും നശിക്കുന്നത് പോലെ മാധ്യമ മേഖലയിൽ കടന്നുകൂടിയ വിഷപ്പാമ്പുകൾ ആ മേഖലയെ ഒന്നടങ്കം ദോഷകരമായി ബാധിക്കുന്നു. അവരെ തിരിച്ചറിയാനും ആ വിഷപ്പല്ലുകൾ നശിപ്പിക്കാനും നമ്മൾ ശ്രമിക്കേണ്ടിയിരിക്കുന്നു.

സജിഷ എം.സി / ഒന്നാംവർഷ ജന്തുശാസ്ത്രം



# "പരാക്രമം സ്ത്രീകളിലല്ലേവേണ്ടൂ!!!"

കാലികജീവിതത്തിൽ പീഡനം ഒരു സംസ്കാരമായി മാറിക്കൊണ്ടിരിക്കുകയാണ്. പീഡനം എന്നത്കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? പീഡനം എന്നത് ഒരു വ്യക്തിയുടെ ഭൗതികവും മാനസികവുമായ ആരോഗ്യത്തിന് നാശം വരുത്തുന്നതും ഓരോ വ്യക്തിയുടെയും ആദർശത്തെയും അഭിമാനത്തെയും ഹനിക്കുന്നതുമായ പ്രവർത്തികളാണ് . അത് ഒരുപക്ഷേ വാക്കുകൊണ്ടോ, നോട്ടം കൊണ്ടോ പ്രവർത്തി കൊണ്ടോ ആവാം. മർദ്ദനമുറകൾ ഇതിന് ഒരു ഉദാഹരണമാണ്.

പീഡനങ്ങൾക്ക് തുടക്കം കുറിക്കുന്ന ചില കാരണങ്ങൾ:

*വിദ്യാഭ്യാസമില്ലായ്മ

*അമിതമായ വിദ്യാഭ്യാസം വഴി കിട്ടിയ സ്വാതന്ത്ര്യബോധം

*മാറിയ ജീവിത സാഹചര്യങ്ങൾ

*വിഷമകരമായ ചുറ്റുപാടുകൾ

*വഴിതെറ്റിയ യുവത്വം

*പരമ്പരാഗതമായി നിലകൊള്ളുന്ന ചില അനാചാരങ്ങൾ

*പടിഞ്ഞാറൻ ജീവിത ശൈലി അഥവാ പാശ്ചാത്യവത്കരണം

*സാമ്പത്തിക ഘടകങ്ങൾ

*നിയമങ്ങളിലെ പാളിച്ചകൾ

*ശിഥിലമായ കുടുംബങ്ങൾ

*സ്ത്രീകളുടെ മനോഭാവം

*പ്രതികരിക്കാനുള്ള കഴിവുകേട്

*അമിതമായ സ്ത്രീവാദം

മേൽപറഞ്ഞ കാരണങ്ങളെല്ലാം ചികഞ്ഞുപരിശോധിക്കുകയാണെങ്കിൽ പീഡനത്തിന്റെ അടിത്തറ എങ്ങനെരൂപപ്പെട്ടിരിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഞെട്ടിക്കുന്ന മറ്റൊരുകാര്യം നാം പുറത്തറിയുന്നതിനേക്കാൾ വളരെ കൂടുതൽ പീഡനങ്ങൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു എന്നതാണ്. എല്ലായിടത്തും പീഡനത്തിന്റെ കരാളഹസ്തങ്ങൾ സഭ്യതയുടെയും അഭിമാനത്തിന്റെയും നെഞ്ചുപിളർന്ന് നിസ്സഹായതയുടെ രക്തം ഊറ്റിക്കുടിക്കുന്നു. ഡൽഹി, മുംബൈ തുടങ്ങിയ ഇന്ത്യയിലെ മഹാനഗരങ്ങളിൽ ഇപ്പോൾ പീഡനത്തിന്റെ പുതിയ പരീക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സ്ത്രീകൾക്ക് വഴി നടക്കാൻ കഴിയാത്തത്ര ആപൽക്കരമായിരിക്കുന്നു അവിടത്തെ അവസ്ഥ. കാപട്യത്തിന്റ പുരുഷവേഷം ഓടിക്കൊണ്ടിരിക്കുന്ന കാറുകളിൽ പോലും സ്ത്രീത്വത്തെ മാനഭംഗപ്പെടുത്തിയ വാർത്ത നാം ഞെട്ടലോടെയല്ലേ കേട്ടത്.

യുവത്വം വഴിതെറ്റിയിരിക്കുന്നു. ആധുനികതയുടെ മനംമയക്കുന്ന പടിഞ്ഞാറൻ സുഗന്ധത്തിൽ തകർന്നടിയുന്നത് നമ്മുടെ നന്മകളും സമ്പാദ്യങ്ങളും, പാരമ്പര്യങ്ങളും സംസ്കൃതിയുമാണെന്ന് നാം അറിയുന്നുവോ! സഹപാഠിയുടെ ദൗർബല്യം അറിഞ്ഞുകൊണ്ട് അവളുടെ ചിത്രങ്ങൾ മൊബൈൽഫോണിൽ പകർത്തി കൂട്ടുകാർക്ക് എത്തിച്ചുകൊടുക്കുകയും വിറ്റുകാശാക്കുകയും ചെയ്ത സംഭവം വളരെ ആധുനികവത്കരിച്ച ഒരു പീഡനമായിരുന്നു. വികലമായ യുവത്വത്തിന് "ചോറിനൊപ്പം ചൊല്ലും" നൽകാൻ അണുകുടുംബത്തിൽ മുത്തശ്ശനും മുത്തശ്ശിയും ഇല്ലല്ലോ! തിരക്കുപിടിച്ച അച്ഛനമ്മമാർക്ക് കുട്ടികളെ നേർവഴിക്ക് നടത്താനും അവരെ ഉപദേശിച്ച് നല്ല കുട്ടികളായി വളർത്തി വലുതാക്കാൻ ഇത്തരം സമയം ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല. അതുകൊണ്ടുതന്നെ കുരുന്നിലേ ഉള്ള ഇത്തരം പീഡനവാർത്തകളുടെ പുതുമുഖങ്ങൾ ഇനിയും പ്രതീക്ഷിക്കാം.

കുടുംബകലഹങ്ങളും കുട്ടികളിൽ നടക്കുന്ന പീഢനത്തിന്റെ ഒരു രൂപമാണ്. ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ പുതിയ നിയമപ്രകാര അയൽക്കാരനും കുടുംബപ്രശ്നത്തിൽ ഇടപെട്ട് കേസ് നൽകാമെന്ന് വന്നത് വളരെ ഗുണകരമായ മാറ്റങ്ങൾ വരുത്തും. വിദ്യാർത്ഥി പീഢനത്തിനെതിരെയുള്ള പടനീക്കം വിദ്യാർത്ഥികളിൽ നിന്നുതന്നെ വരണം. അതിനായി വിദ്യാർത്ഥികൾ കൂടുതൽ പ്രതിരോധശേഷിയുള്ളവരും, പ്രതികരണ ശേഷിയുള്ളവരും ആയിരിക്കണം. പീഢനം തടയാൻ ഇതുന്നെയാണ് ഫലപ്രദമായ വഴി. പീഢനം ഏതുതന്നെയായാലും അതു ചെയ്യുന്നത് മന്ത്രിമാരോ, ഉന്നതന്മാരോ, ആയിരുന്നാലും അവരെ പൊതുജനമധ്യത്തിൽ ശിക്ഷിക്കണം. ഏറെ പ്രധാനം വിദ്യാർത്ഥികൾ ശ്രദ്ധയുള്ളവരായിരിക്കണം എന്നതാണ്.

Sameena Khaleel
II[nd] BA English

# Saying No


Some people believe the world will come to an end if they say 'NO'. Everyone will drop dead. Sky scrapers will disappear into a pile of dust and rubble. Thoughts that stop us from saying no, "If I say no every one will hate me", " Everyone will leave me". "No one will like me"." I am selfish"." I wont have any friends". "I will hurt his feelings"."People will thing I am rude"." It's not nice to say no". "People will think I am mean".

Saying no can bring out "Catastrophic" thinking-false ideas such as if you say 'no' to people you will harm them in some terrible fatal way. You fear you may upset them or "permanently scar" them or ruin their lives.

Now let's think about it. None of the above can happen to us if we say no. People don't really care that much! Imagine someone asking to wear your new jacket and you say no. They say "Oh!" Even if that person asks why, you can be honest and tell him/her you have decided not to lend it out. You don't have to apologize or make up excuses. End of subject. Imagine you ask your friend for a ride to a football game and he / she says, "sorry, the car's full already". Do you cry, faint feel insulted take it personally? Are you convinced that he / she doesn't like you any more? The fact is that the car is full. That's all. That doesn't mean its always easy to say 'no'. It can be really tough-especially when you are concerned about that person. "Just saying no" doesn't always come easy. In these cases assertiveness can help a lot.

So cheer up because, once you say no its no. And always people forget about it in time. So Don't worry, be happy!!

Najda. A IInd BA English




# Struggles, Survivals & Films

Films are now excellent media of communication and understanding. Films are apex forms of creativity. Cinematic images are magical but recall value is what makes a movie immortal. A movie's recall value depends not on its technical fines  but on how the contents relates to it. It is the half shades, the hardly audible notes that Satyajith Ray captured and explored. It felt him that an ordinary person is a more challenging subject for exploration than people in the heroic mould. He found that muted emotions were more challenging. films of his contemporories and of the later band of film makers Shyam Benegal, Adoor Gopalakrishnan, G. Aravindan were often branded "Cerebral " and were seen not by the teeming millions but only by a handful of cinegoers whether commercial or cerebral every film originates from the revolution of thoughts and ideas set on the background of the meaning of life. They thus add up to the cultural history.

In 1895, the Lumiere brothers held the 'first public film screening' in a room below the Indian hotel in Paris. The black and white images flickered on a silent screen, yet the audience was enthroghted. The magic of the movies has continued ever since; Technology developed rapidly; so and arrived in 1927; color in the 1930s.

By the 1930s going to the cinema was a popular entertainment, but in the 1950s TV took over and the film industry declined. Recently, movie going has grown popular again.

Today's complex films often involve stunning special effects. Film potion is now an international industry generating great wealth and employing thousands worldwide. Anything can happen in film, then is largely to the special effects dept. a complete and skilled area of film making.


Animation movies, the sequence of still images give more way for laughing. Now a days more people are interested in film making. Which is with the entry of advanced mobile handsets, with the spread of science and technology, the horizons of films and feelings have also widened. short films of greater themes are produced so.

Film makes reality far away from imagination. The continues action on a movie screen is in fact an illusion. What we are watching is hundreds of still photographs taken rapidly one after the other. Scripts and songs keep up illusion especially in Bollywood hits. Many such films revolve around aspirations of people who live in and out of airports, shop in V th avenue, New-york and who have erotic holidays else where in the world. There, the directors are dubbing the taste of the people and the value of art. whether it is a commercial film or not, the directorial board deserve appreciation for their efforts and exploration of creativity.

But the market has transformed the society into a hollow-minded soulless crowd. It seems like, films are some commercial products manufactured in the label of art. Unhealthy presentation of artificial ingredients together with hollow themes enslaving the humanity should be nipped in the bud. Most of the present day films cannot here the cry of people crushed by political invasions, cultural interludes and social discrimination. This situation should be reversed. As the world faces many calamities and troubles, the aim of all sorts of arts and science should be the liberation of mankind.

It doesn't mean that entertainment should be kept aloof from films, but with a film every silly man should realize that life is not a full long entertainment. Films should help the people in cultivating determination and will power should also stronger than the audience so as to overcome troubles and crises in life. Films will be received more if they reduce exacerbation and increase portraying natural instincts. Films should become moved forms of struggles and survivals.

Shajeena.
M II[nd] BA English



# The man I met

"I have lost everything..my land...my life...everything!,"He stopped for a while and then started crying. Slowly his cry turned into a loud laughter and soon that too vanished from his face.

He is the living example of the agony suffered by the humanity as a result of the dirty games played by the same on the environment. The face I couldn't forget for years. The voice that i could hear even now. When I saw him, he was nearly 60,with grey hair, dark complexion, wrinkled face and a rather lean body.

From the guide I came to know about him, his life...

Cinnayya, a man who loved his land than anything else. he was a family man, but still he loved his land, his cattle and his work. His village, Durgapuri was very vast which was loaded by god's gifts of fertility, prospirity and peace. The place was a heaven. Its people were illiterate but still, they were matured in all sense. The village was not technologically advanced but its people's minds were rather advanced. Joy played its role everywhere.

One day, after his work. Chinnayya moved to the tea shop. Tea shop was the centre of the whole village where people came to know news via a ' Ground father radio'. Instead of the anxious faces of the old people, he saw faces that were horror -struck. But the youngsters were all happy. The news that brought all these changes was that of the commencement of a new branch of a multinational company at Durgapuri. Just like elders, Chinnayya too was worried.

Soon the factory was launched. With in one year, it became a part and parcel of Durgapuri. Employment facilities were plenty and the youngsters who awaited opportunities got involved in suitable jobs. When the factory was inaugurated, it promised the villagers with many opportunities but in the due course, promises were just promises.

Durgapuri started experiencing pollution. The land lost its water storage capacity. Soon the farmers died, cattle died off. Birds migrated to near by villages. There was no job ,no money. The whole village started experiencing poverty. The children of Durgapuri became disease-stricken. Even the infants were born with some kind of health problem. carrying mothers lost their lives. The youngsters who worked with chemicals in the factory devoloped many skin diseases. The whole village became a hell.

Chinnayya who lost his land, his cattle, also lost his family. His wife who was carrying gave birth to a still born baby and died there after. The loss of his land itself was a shock for him and when he lost his companion too, he lost his mind. This heart sank and he fell unconscious. When he opened his eyes, he was a different man whose mind was completely strange.

Chinnayya who lost his land, his cattle, also lost his family. His wife who was carrying gave birth to a still born baby and died there after. The loss of his land itself was a shock for him and when he lost his companion too, He lost

After destroying Durgapuri's peace, the factory left. The visit I had to the place brought only worries to my pshche. Chinnayya still lives in my heart as a pain... as a disease, which can never be cured.